തിരുമുല്പാട് ഫൗണ്ടേഷൻ

# വൈദ്യസംവാദം

ഡിസംബർ 2021 - മാർച്ച് 2022
(സംയുക്തലക്കം)



വൈദ്യഭൂഷണം
കെ. രാഘവൻ തിരുമുല്പാട് ഫൗണ്ടേഷൻ
ഫോർ ആയുർവേദിക് സ്റ്റഡീസ്

# ശാസ്ത്രമണിപ്രവാളം:
# മധ്യകാലകേരളത്തിന്റെ ശാസ്ത്രഭാഷ

ഡോ. ദിലീപ്കുമാർ കെ ി.

കേരളീയസംസ്കൃതപണ്ഡിതന്മാർ ഏറെക്കാലം സാഹിത്യ ാ ദനത്തിന്ന് സംസ്കൃതസാഹിത്യത്തെയാണ് കാര്യമായി പരിഗ ്ചു പോന്നത്. എന്നാൽ ശാസ്ത്രസാങ്കേതികവിദ്യയുടെ കാര്യത്തിൽ ് സ് കൃതവ്യുൽപത്തി നേടിയവരും അതതുവിഷയങ്ങളിലെ ഭാഷാ തി കളെയാണ് മുഖ്യമായും ആശ്രയിക്കാറുള്ളതെന്നും ഇതിന്റെ ഫല യി മലയാളത്തിന്ന് ശാസ്ത്രവിജ്ഞാനത്തിന്റേതായ മഹത്തായ ഒരു വ ത്തുണ്ടായി എന്നും എം.എം. പുരുഷോത്തമൻനായർ നിരീക്ഷ ു ന്നുണ്ട് (1986: X). കേരളത്തിലുടനീളം നിരവധി വീടുകളിൽനിന്നു ് യ വൈജ്ഞാനികഗ്രന്ഥങ്ങൾ ഇതിന്റെ തെളിവുകളാണ്.

കേരളത്തിലെ ഹസ്തലിഖിതഗ്രന്ഥാലയങ്ങളിൽ സൂക്ഷിച്ചിരിക ന ഇവയിലധികവും വൈദ്യം, ജ്യോതിഷം, തന്ത്രം, മന്ത്രം, വാസ്തു ്യ തുടങ്ങിയ മേഖലകളിലുള്ളവയാണ്. ജ്വരചികിത്സിതം മണിപ്രവ ം, മുഹൂർത്തദർശനം ഭാഷാവ്യാഖ്യാനം, കാലദീപകം മണിപ്രവ ം, ആശൗചംഭാഷ, യോഗാമൃതം മണിപ്രവാളം തുടങ്ങിയവ അത ചി ഷയങ്ങളിലുണ്ടായ സവിശേഷവും സൂക്ഷ്മവുമായ ജ്ഞാനാർ ന ത്തിന്റെ (specialization) ചരിത്രത്തിലേക്കുള്ള ദിശാസൂചികളാണ്. 14 നൂറ്റാണ്ടുകൾക്കിടയിലാവണം സംസ്കൃതത്തിൽനിന്നുള്ള വിജ്ഞ ന ങ്ങൾ വൻതോതിൽ നാട്ടുഭാഷയിലേക്കു പകർന്നെത്താൻ തു ദി യത്. ആലത്തൂർമണിപ്രവാളത്തെപ്പറ്റിയുള്ള ലീലാതിലകപരാമ ം ഇത്തരം ഗ്രന്ഥങ്ങളുടെ പ്രാമാണികത സൂചിപ്പിക്കുന്നു. പൊത വ നാലു വകുപ്പുകളിൽപ്പെട്ട കൃതികളാണു കണ്ടുവരുന്നത്: (1) വൈ ്യ ശാസ്ത്രം, (2) ജ്യോതിഷം, (3) തന്ത്ര-ക്രിയാ-പ്രായശ്ചിത്തഗ്രന്ഥ ൾ, (4) വ്യാകരണം-ശബ്ദകോശം. നാലാമത്തെ വിഭാഗത്തിൽ വ പൊതുവേ മണിപ്രവാളകൃതികളല്ല, ഭാഷാവ്യാഖ്യാനങ്ങളാണ്. ൗ പറഞ്ഞ കൃതികളെക്കുറിച്ചു ചില സാമാന്യനിരീക്ഷണങ്ങൾ മു ാ

ട്ടുവയ്ക്കുകയേ ഇവിടെ ചെയ്യാനുള്ളൂ.

സ്വഭാഷയിലേക്കുള്ള ശാസ്ത്രത്തിന്റെ ഈ പകർച്ചകൾ കേരളത്തിലെ മാത്രം കാര്യമാണെന്നു കരുതരുത്. തൊട്ടപ്പുറത്ത് കന്നഡ-തെലുഗു ദേശങ്ങളിലും സംസ്കൃതഭാഷയിലാവിഷ്കൃതമായ വിജ്ഞാനങ്ങളെ നാട്ടുഭാഷയിലാക്കുന്ന പദ്ധതി കൊണ്ടുപിടിച്ച കാലമായിരുന്നു അത്. വിശിഷ്യ, പത്താംനൂറ്റാണ്ടുമുതൽക്കുള്ള കാലം. വൈദ്യശാസ്ത്രം മുതൽ ഖഗോളശാസ്ത്രംവരെ, തത്വചിന്തമുതൽ അലങ്കാരശാസ്ത്രംവരെ ഇങ്ങനെ മൊഴിപകർന്നെത്തി. ശാസ്ത്രകൃതികൾ കന്നടത്തിലെഴുതുന്ന പദ്ധതിക്ക് 11-ാം നൂറ്റാണ്ടുമുതൽക്കെങ്കിലുമുള്ള ചരിത്രമുണ്ട്. ചാവുണ്ഡരായ രണ്ടാമന്റെ *ലോകോപകാര*(മൃഗവൈദ്യം, കൃഷി, ഔഷധവിജ്ഞാനം, ജലശാസ്ത്രം, ജ്യോതിഷം, പാചകം), ശ്രീധരാചാര്യയുടെ *ജാതകതിലകം*, കീർത്തിവർമന്റെ *ഗോവിദ്യ*(മൃഗചികിത്സ), ജഗദ്ദാലസോമനാഥയുടെ *കർണാടകകല്യാണകര*(ആയുർവേദം) തുടങ്ങിയവ 973-1189 കാലത്തെ പടിഞ്ഞാറൻചാലൂക്യരുടെ ഭരണമേഖലയിലുണ്ടായവയാണ്. രാജാദിത്യന്റെ *ക്ഷേത്രഗണിത*, *വ്യവഹാരഗണിത*, *ലീലാവതി* എന്നിവയാവട്ടെ ഹോയ്സാലഭരണകാലത്തെ (1000-1346) സൃഷ്ടികളും.

11-ാം നൂറ്റാണ്ടാവുമ്പോഴേക്കും തെലുഗുസാഹിത്യത്തിലും ആയുർവേദവും രസശാസ്ത്രവും പരാമർശവിഷയമാവുന്നതുകാണാം[1]. തെലുഗുകവിയായ നന്നിചോഡയുടെ ഒരു രചനയിൽ രസശാസ്ത്രത്തെക്കുറിച്ചുള്ള പരാമർശമുണ്ട്. ഇരുമ്പ് ഏറെനാൾ രസത്തിലിട്ടുവച്ച് സ്വർണമാക്കി മാറ്റുന്നതുപോലെ ഏറെനാൾ ഈശ്വരനിലർപിച്ച മനസ്സിനേ സാക്ഷാത്കാരം ലഭിക്കൂ എന്നാണു ചോഡ പറയുന്നത്. രസവിദ്യ ആന്ധ്രർക്കു പരിചിതമെന്നു വ്യക്തം[2]. നന്നയ്യഭട്ടൻ തന്റെ *ആന്ധ്രമഹാഭാരത*ത്തിൽ അഷ്ടാംഗമായ ആയുർവേദത്തെപ്പറ്റി പരാമർശിക്കുന്നുണ്ട് (I. Suryanarayana 2017: 188). ഇതിഹാസത്തിന്റെ ഭാഷാന്തരണത്തിലും വൈദ്യശാസ്ത്രം പരാമൃഷ്ടമാകുന്നു എന്നർത്ഥം.

കേരളത്തിലെ കാര്യമെടുത്താൽ മൂന്നു വിവർത്തനപദ്ധതികളിലൂടെയാണ് പുറത്തുനിന്നുള്ള ശാസ്ത്രചിന്തകൾ പ്രാദേശിക ഭാഷയിലേക്കു പകർന്നുപോന്നത്: ഭാഷാവ്യാഖ്യാനങ്ങൾ, ഭാഷ്യങ്ങൾ, ആശയാനുവാദങ്ങൾ. ഈ കൃതികളെ മണിപ്രവാളം (ഉദാ:-ആഖുവിഷചികിത്സ മണിപ്രവാളം, ആശ്ച്യോതനാഞ്ജനവിധിക്രമം മണിപ്രവാളം), ഭാഷ (ഓഷധിവർഗം ഭാഷ,), പച്ച (ആമ്പല്ലൂർപച്ച, കുഴിക്കാട്ടുപച്ച) എന്നൊക്കെയാണു വിളിച്ചുപോന്നത്. അഷ്ടാംഗഹൃദയവ്യാഖ്യ നിദാന

സ്ഥാനം, അഷ്ടാംഗഹൃദയവ്യാഖ്യ ശസ്ത്രകർമ്മവിധി, അഷ്ടാംഗഹൃദയവ്യാഖ്യ നിദാനസ്ഥാനം, അഷ്ടാംഗഹൃദയവ്യാഖ്യ കൈരളി, ജ്വരചികിത്സിതം ഭാഷ, ധാതുശുദ്ധിപ്രകാരം, ചികിത്സാസരണിമണിപ്രവാളം, ഹോരാശാസ്ത്രം ഭാഷാവ്യാഖ്യാനം, കാലദീപകം ബാലശങ്കരം, ശില്പരത്നം മണിപ്രവാളം തുടങ്ങിയ പേരുകളും ശ്രദ്ധിക്കുക. സാമാന്യമായി പറഞ്ഞാൽ, മൂന്നു തരത്തിലുള്ളവയാണ് ഈ ഗ്രന്ഥങ്ങള ധികവും:

1. ഒരു പൂർവകാലരചനയുടെ പൂർണ്ണരൂപത്തിലുള്ള പകർപ്പ്. ഉദാഹരണത്തിന്ന്, ഹോരാശാസ്ത്രം ഭാഷാവ്യാഖ്യാനം എന്ന ജ്യോതിഷഗ്രന്ഥം.
2. പ്രാചീന കൃതികളിൽനിന്നു ചില പ്രത്യേകഭാഗങ്ങൾ മാത്രമെടുത്ത് ഗ്രന്ഥങ്ങളാക്കുന്ന രീതി. അഷ്ടാംഗഹൃദയവ്യാഖ്യ സൂത്രസ്ഥാനം, തന്ത്രസമുച്ചയം ഭാഷ തുടങ്ങിയവ ഈ കൂട്ടത്തിൽപ്പെടുന്നു.
3. പല കൃതികളിൽ നിന്നുമുള്ള കലർപ്പുകൾ ചേരുംപടി ചേർത്തുണ്ടാക്കുന്ന രചനകളാണിനിയുള്ളത്. ഉദാ:- (1) കൈകണ്ടവിദ്യ, (2) വിവിധചികിത്സാവിധികൾ.

ഇവയിൽ ചിലേടത്ത് സംസ്കൃതശ്ലോകങ്ങളുദ്ധരിച്ചു സമർത്ഥിക്കുന്ന പദ്ധതിയുംകാണാം. ആധികാരികതക്കുവേണ്ടിയാണിത്. വൈഷണികഭാഷയെന്ന നിലയ്ക്ക് സംസ്കൃതത്തിനുള്ള ആധികാരികത കണ്ടില്ലെന്നു നടിക്കാനാവില്ലല്ലോ.

ഗ്രന്ഥഘടന

മേൽസൂചിപ്പിച്ച ഗ്രന്ഥങ്ങളിലെല്ലാം സാമാന്യമായി ആവർത്തിച്ചു കാണുന്ന ഘടന ഇപ്രകാരമാണ്ഃ സ്തുതിയോ രചനാലക്ഷ്യമോ സൂചിപ്പിക്കുന്ന മുഖക്കുറിപ്പ്, ഗ്രന്ഥശരീരം, ഉപസംഹാരം. മുഖക്കുറിപ്പിൽ ഗ്രന്ഥത്തിന്റെ രചനാലക്ഷ്യംവ്യക്തമാക്കിയെന്നുവരും. ഉദാഹരണത്തിന്ന്, മഴമംഗലത്തിന്റെ കാലദീപകം മണിപ്രവാളത്തിന്റെ പകർപ്പുകളിൽ, ...ബാലകായ പൊഴുതൊട്ടു ഭാഷയായ് ചൊല്ലുവാനിഹ തുണപ്പുതാകമേ എന്നു കാണാം (എം.എം. പുരുഷോത്തമൻനായർ, 1986: 29). കാര്യം വ്യക്തമായല്ലോ. മുഖക്കുറിപ്പ് ചിലപ്പോഴെങ്കിലും കൃതിയുടെ രചനാപശ്ചാത്തലത്തിലേക്കോ, വിജ്ഞാനവിതരണത്തിന്റെ പാരമ്പര്യത്തിലേക്കോ വിരൽ ചൂണ്ടിയെന്നുവരും. ഉദാഹരണത്തിന്, ജാതകചന്ദ്രികയുടെ ഒരു കൈയെഴുത്തുപകർപ്പ് തുടങ്ങുന്നത്, മഹാകവി കാളിദാസരവർകളാലുണ്ടാക്കപ്പെട്ട ജാതകചന്ദ്രിക -എന്നു പറഞ്ഞുകൊണ്ടാണ്. ശാസ്ത്രീയമായോ ചരിത്രപരമായോ നിലനിൽക്കാത്ത ഈ വാദം കൃതിയെക്കുറിച്ചുള്ള ഒരു വിശ്വാസത്തിന്റെ പ്രചാരം കാണിക്കുന്നു.

ഇതു ഗ്രന്ഥാവസാനത്തിലാവുന്നതിനും വിരോധമില്ല. കാലദീപകം മണിപ്രവാളത്തിന്റെ ഒരു പകർപ്പിന്റെ ഒടുവിൽ, അസ്തി ശോണാചല ഗ്രാമവാസ്തവ്യോ ദ്വിജപുംഗവഃ... എന്നു ഗുരുവിനെ വന്ദിച്ചും സ്വപ്ര യത്നത്തെ വിലയിരുത്തിക്കൊണ്ടുമാണ്.

## ഗണിതം ജ്യോതിശാസ്ത്രം ജ്യോതിഷം

കേരളത്തിൽ ഈ ശാസ്ത്രങ്ങളുടെ വലിയ വികാസമുണ്ടായത് 15-ാം നൂറ്റാണ്ടോടെയാണ്. നിളാതടമായിരുന്നു അതിന്റെ പ്രഭവസ്ഥാ നം. ഇരിഞ്ഞാടപ്പള്ളി മാധവൻനമ്പൂതിരി, വടശ്ശേരി പരമേശ്വരൻനമ്പൂ തിരി, മാത്തൂർനമ്പൂതിരിപ്പാട്, പുതുമനച്ചോമാതിരി, കേളല്ലൂർ നീലക ണ്ഠസോമ യാജി, ദാമോദരൻനമ്പൂതിരി, ദേശമംഗലത്ത് ഉഴുത്തിര വാരിയർ തുടങ്ങിയവരുടെ കൃതികൾ ഇക്കാലത്തേതാണെന്ന് ഉള്ളൂർ പറയുന്നു(1990: 104-37). ഇവരുടെ കൃതികളും അവയുടെ വ്യാഖ്യാന ങ്ങളും വിവർത്തനങ്ങളുമെല്ലാംചേർന്ന് ഈ മണ്ഡലം ഏറെപുഷ്ടിപ്പെട്ടു. ഗണിതഗ്രന്ഥങ്ങൾക്കുണ്ടായ പകർപ്പുകളുടെ സമൃദ്ധി അവിടേക്കാണു വിരൽ ചൂണ്ടുന്നത്. ഇക്കൂട്ടത്തിൽ സവിശേഷ പ്രധാന്യമർഹിക്കുന്നു. ജ്യേഷ്ഠദേവന്റെ *യുക്തിഭാഷ.* ഇതിൽ അക്കാലത്തുപയോഗിച്ചിരുന്ന ഗണിതജ്യോതിശാസ്ത്രപ്രമേയങ്ങളുടെയും സൂത്രങ്ങളുടേയും നിഷ് പത്തി കാണാമെന്ന് ജോർജ് ഗീവർഗീസ് ജോസഫ് നിരീക്ഷിച്ചിട്ടുണ്ട്. (2006: 340). സംസ്കൃതത്തിലെഗണിതഗ്രന്ഥങ്ങൾക്കു സമാന്തരമായി തമിഴിലും മലയാളത്തിലും ഗണിതഗ്രന്ഥങ്ങൾ ഉണ്ടായിരുന്നു. ജ്യോതി ഷത്തിന്റെ കഥയും ഇതുതന്നെ[3]. മഴമംഗലത്തു ശങ്കരൻനമ്പൂതിരിയുടെ കാലദീപകം ബാലശങ്കരം, മുഹൂർത്തപദവി ബാലശങ്കരം, ലഘുഭാ സ്കരീയം ബാലശങ്കരം, ഗണിതസാരം, പ്രശ്നസാരം തുടങ്ങിയ ഭാഷാ കൃതികൾക്ക് ഏറെ പ്രാമുഖ്യമുണ്ട്. ജ്യോതിഷദീപമാല എന്ന ഗ്രന്ഥ ത്തിൽനിന്ന്,

> ഗണപതി ഗുരുവാണീമർക്കചന്ദ്രാരസൗമ്യം
> സുരഗുരുസിതമന്ദം രാഹുകേതുംവണങ്ങി
> ഗണിതമപി മുഹൂർത്തം ജാതകം പ്രശ്നഭാഗം
> ലഘുതരമിഹചൊല്ലാം മന്ദധീധാരണായ
>
> (1990: 254)

എന്നൊരു ശ്ലോകം ഉള്ളൂർ ഉദ്ധരിക്കുന്നുണ്ട്. കേരളത്തിൽ കണക്കതി കാരം എന്നൊരു ദ്രാവിഡപദ്യകൃതി പ്രചരിച്ചിരുന്നുവത്രേ. ആധുനി കവിദ്യാഭ്യാസം പ്രചരിക്കുന്നതുവരെ ജനങ്ങൾ കണക്കു പഠിച്ചുവന്നി

രുന്നത് തമിഴുവഴിക്കായിരു ന്നു എ ന്നും ഉള്ളൂർ പറയുന്നുണ്ട് (7) കണ ക്കതികാരവും ഭാസ്കരാചാ ര്യരുടെ *ലീലാവതി*യും മുൻനിർത്തിയാണ് കണക്കുസാരം രചിക്കുന്ന തെന്ന് പ്രസ്തുതകൃതിയുടെ ആമുഖത്തിൽ പറയുന്നുണ്ട്. ഗ്രന്ഥകാരൻ ആരെ ന്നറിയില്ല. ഇടക്രമഞ്ചേരി നമ്പൂതിരി യുടെ *ഭദ്രദീപം* എന്ന ഒ ു ഗണ ിതഗ്രന്ഥവും ശ്രദ്ധയർഹിക്കുന്നു. ഇതിന്റെ കാലം കൊ. വ. 84 0 അടു പ്പിച്ചാണെന്നു കരുതിവരുന്നു. ആര്യ ഭടീയമടക്കമുള്ള ഗ്രന്ഥങ്ങ ള ആ ്പദിച്ചുള്ളവയാണ് ഇവയിലെ ഗണി തശാസ്ത്രതത്വങ്ങൾ. ചില മാതൃക കൾ നോക്കാം. പുതുമനച്ചോമാതിരി രചിച്ച 'കരണപദ്ധതി'യുടെ ഭാഷ ാവ്യാഖ്യാനത്തിൽ,

> മാർത്താണ്ഡാദീൻ ഗ്രഹാന് നത്വാ തത്പ്രസാദാദ്വിലിഖ്യതേ
> ഗുണഹാരഗുണാദീന ാം കര ണേ കാപി പദ്ധതി

എന്ന ശ്ലോകത്തിനു കൊടു ക്കുന്ന വ്യാഖ്യാനം ഇങ്ങനെയാണ്:

> മാർത്താണ്ഡാദികളാ യിരിക്കു ന്ന ഗ്രഹങ്ങളെ നമിച്ചിട്ട അവ
> രുടെ പ്രസാദം ഹേ തുവായ ിട്ട ഗുണകാരഹാരകജ്യാദിക
> ളുടെ കരണത്തിങ്കലേ ക്ക ഒര ു മാർഗമെന്നാലേഖനം ചെയ്യ
> പ്പെടുന്നു. അനന്തരം പര്യ ായങ്ങളേയും ഭൂദിനത്തേയും
> ചൊല്ലുന്നു- (എം. എ ം. പുര ുഷോത്തമൻനായർ 1986: 27)

ഏറെ പ്രചാരമുണ്ടായ ിരുന്നത ാണ് മഴമംഗലം ശങ്കരൻനമ്പൂതിരി യുടെ 'കാലദീപകം മണിപ്ര വാളം'. ഈ ഗ്രന്ഥത്തിലേതാണ്, "തുമ്പതി ങ്കളൊടു ഗംഗതന്നെയും..." എന്ന പ്രസിദ്ധശ്ലോകം(പുരുഷോത്തമൻ നായർ 1986: 42). ധാരാളം പകർ പ്പുകളുണ്ടായ ഒന്നാണ് ഈ കൃതി. ഇതിൽ ലളിതശ്ലോകങ്ങൾ ക്കാപ്പം ആവശ്യമുള്ളിടത്ത് സംസ്കൃതപ്ര മാണങ്ങളുദ്ധരിച്ച് അതിന്റെ ഭാഷ ാരൂപം കൊടുക്കുന്നതും കാണാം. പിൽക്കാലമലയാളവുമായി ഈ പംക്തികൾക്കുള്ള ചിഹ്നപരമായ വ്യത്യാസങ്ങളുണ്ടെങ്കിലും ഭാഷ വ്യക്തമാണ്:

> ജന്മതാരാച്ചതുർഗുണ ്യം ത ിഥിവാരേണസംയുതം ഗ്രഹ
> സംഖ്യാ ഹരേർഭാഗം തച്ഛേഷ ം ഫലമേവ ച. താപം കാന്തിം
> മൃതിം ലക്ഷ്മീ ശ്രീയ ം സൗ ഖ്യം യശഃ കലി ബഹുചിന്താ
> ഇത്യേതേ ഫലസൂച കാഃ" ജന്മനക്ഷത്രം തുടങ്ങി അന്നെ
> നാളൊളം എണ്ണി നാ ലിൽ പെരുക്കി ആഴ്ചയും പക്കവും
> കൂട്ടി ഒമ്പതിൽ ഹരി ച്ചശേഷ ം ഫലം ഒന്നെങ്കിൽ താപം
> രണ്ടെങ്കിൽ കാന്തി മൂ ന്നെങ്ക ിൽ മൃതി നാലെങ്കിൽ ലക്ഷ്മി
> അഞ്ചെങ്കിൽ ശ്രിയ ആറെ ങ്കിൽ സൗഖ്യം ഏഴെങ്കിൽ

യശസ്സു എട്ടെങ്കിൽ കലി ഒൻപതെങ്കിൽ ബഹുചിന്ത ഇത ദിവസഫലം. (377 A).

'വരരുചിവാക്യവും പരൽപ്പേരും' എന്ന ഗ്രന്ഥത്തിന്റെ പകർപ്പുകളു മുണ്ട്. കുട്ടികളെ ജ്യോതിഷം പഠിപ്പിക്കാൻ ഉപയോഗിച്ചവയാണ് ഇത്തരം ഗ്രന്ഥങ്ങൾ. 19-ാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽപോലും കേരളീയവിദ്യാഭ്യാസപദ്ധതിയിൽ ജ്യോതിഷത്തിനു സ്ഥാനമുണ്ടായി രുന്നു. അക്കാലത്ത് തിരുവിതാംകൂർ സർക്കാർ നടത്തിയിരുന്ന വിദ്യാ ഭ്യാസപദ്ധതിയിൽ ജ്യോതിഷവും സ്ഥാനം പിടിച്ചിരുന്നതായി ഭാസ്കര നുണ്ണി വ്യക്തമാക്കുന്നുണ്ട്(2000: 1062-64)[4]. ഗണിതക്രിയാക്രമം, ഗത സംഗ്രഹം ഭാഷ, ഗ്രഹണസാരം മണിപ്രവാളം, ജാതകചന്ദ്രികാ വ്യാഖ്യാനം, പ്രശ്നസാരം, മുഹൂർത്തകൗമുദിഭാഷ, മുഹൂർത്തപദവി, ഹോരാശാസ്ത്രം ഭാഷാവ്യാഖ്യാനം തുടങ്ങിയവ, നൂറ്റാണ്ടുകളിലൂടെ, ഈ മണ്ഡലത്തിൽ കേരളഭാഷ നേടിയ കരുത്തിന്റെ തെളിവുകളാണ്.

**മുഹൂർത്തചിന്ത**

നാടുവാഴിത്തത്തിന്റേയും തറവാടുകളുടേയും പ്രാബല്യമാണ് മുഹൂർത്തചിന്തയ്ക്ക് ഇവിടെ പരക്കേ പ്രചാരമുണ്ടാക്കിയത്. കാലചിന്ത യാണ് ഈ വകുപ്പിലെ കൃതികളുടെ വിഷയം. പലതരത്തിലാണ് നാട്ടു സംസ്കൃതിയിൽ കാലം പ്രവർത്തിക്കുക. അംഗങ്ങളുടെ ജനനം, ചോറൂ ണ്, പിറന്നാൾ, ശ്രാദ്ധം തുടങ്ങിയ സന്ദർഭങ്ങളിലൂടെ കുടുംബത്തിന്ന കത്ത് ഒരു കാലബോധം പ്രവർത്തിക്കും. ഇതു മിക്കവാറും കുടുംബാംഗ ങ്ങളുമായിമാത്രം ബന്ധപ്പെട്ടതാണ്. ഞാറുപാകൽ, കൊയ്ത്ത്, നാട്ടമ്പല ങ്ങളിലെ കൊടിയേറ്റം, വേലപൂരങ്ങൾ, ഉൽസവങ്ങൾ തുടങ്ങിയവയി ലൂടെ വീട്ടിന്നുപുറത്തു മറ്റൊരു കാലബോധവും പ്രവർത്തിക്കും. വിശാ ലമായ നാട്ടുകൂട്ടായ്മയാണ് ഇതിലെ അംഗങ്ങൾ. ഇവിടെയും അതതു കർമങ്ങളുടെ തുടക്കംകുറിക്കാൻ പറ്റിയ മുഹൂർത്തം തന്നെ വേണം.

വിത്തു വിതയ്ക്കൽ, പുതിയ കലപ്പ പിടിക്കൽ, പാത്രം മയക്കൽ, വിവാഹം, ഗൃഹപ്രവേശം, കാതുകുത്തൽ, ചോറൂണ്, പഞ്ചകർമചി കിത്സ, അസ്ഥിസഞ്ചയനം തുടങ്ങി നിത്യജീവിതത്തിലെ എല്ലാ കാര്യ ങ്ങൾക്കും മുഹൂർത്തം നോക്കണം. ക്ഷേത്രകാര്യങ്ങളിലും കാവുക ളിലെ വേല, കളിയാട്ടം എന്നിവയ്ക്കും അങ്ങനെത്തന്നെ. കലയേതാ യാലും അരങ്ങേറ്റത്തിന്ന് ശുഭമുഹൂർത്തം അനിവാര്യം. തണ്ടേറാനും മുടിചൂടാനും പടനീക്കാനും നല്ല മുഹൂർത്തംതന്നെ വേണം. ഇങ്ങനെ വീട്ടിന്നകത്തും പുറത്തും ഒരുപോലെ ആവശ്യമുള്ളതിന്നാലാണ് ഗദ്യ മായും പദ്യമായും മിശ്രമായും മുഹൂർത്ത ഗ്രന്ഥങ്ങളുണ്ടായത്. നാട്ടി

ലെ മുഖ്യജ്യോതിഷിക്കു പുറമേ, ഓരോ ജാതിക്കും മിക്ക തറവാടുകൾക്കും പ്രത്യേകം ജ്യോതിഷികളുണ്ടായിരുന്ന ഒരു നാട്ടിൽ ഇതിങ്ങനെയേവരികയുള്ളൂ.

14-ാം നൂറ്റാണ്ടായപ്പോഴേക്കും മുഹൂർത്തചിന്തയ്ക്ക് ഇവിടെ ഏറെ പ്രാധാന്യം കൈവന്നിരിക്കണം. ഭാഷ എന്നാൽ കേരളഭാഷയാണെന്നു സ്ഥാപിക്കാൻ ലീലാതിലകകാരൻ ഉദ്ധരിക്കുന്ന, "ഭാഷാമിശ്രം പൊഴുതുകഥയാമി..." എന്ന ശ്ലോകഖണ്ഡം താമരനല്ലൂർഭാഷയെന്ന കൃതിയിൽ നിന്നുള്ളതാണ് (ഉള്ളൂർ 1990:464). ഇതിന്നു മുഹൂർത്തവിധിയെന്നും പേരുണ്ട് (ശൂരനാട് 1996:176). അക്കാലത്തേക്ക് അലങ്കാരശാസ്ത്രചർച്ചയിൽ ഉദ്ധരിക്കത്തക്ക പ്രാമാണ്യം ഇത്തരം ഗ്രന്ഥങ്ങളും ഈ രചനാപദ്ധതിയും നേടിയിരുന്നു എന്നർഥം. ചരിത്രപരമായി ഇതിന്റെ പ്രാധാന്യം ചെറുതല്ല.

മുഹൂർത്തചിന്തയുമായി ബന്ധപ്പെട്ട ഗ്രന്ഥങ്ങളിൽ *മുഹൂർത്തദർശന*ത്തിന്റെ (വിദ്യാമാധവീയം) ഭാഷാരൂപങ്ങളാണു നല്ലൊരു ശതമാനം. ഇത്തരം കൃതികൾക്ക് സംസ്കൃതത്തിലുണ്ടായ വ്യാഖ്യാനങ്ങളുടെ ഭാഷാരൂപങ്ങളുമുണ്ട്. മുഹൂർത്തദർശനത്തിനു വിദ്യാമാധവന്റെ ശിഷ്യനായ വിഷ്ണുവിന്റെ സംസ്കൃതവ്യാഖ്യാനമാണു മുഹൂർത്തദീപിക. അതിന്നു ഭാഷാവ്യാഖ്യാനമുണ്ട് (എം.എം. പുരുഷോത്തമൻ നായർ 1986: 121). മുഹൂർത്തപദവിയെന്നപേരിൽ നാലുകൃതികൾ പ്രചരിച്ചിരുന്നുവെന്ന് ഉള്ളൂർ പറയുന്നു(1990 :123). അതിന്റെ ഭാഷാവ്യാഖ്യാനമാണ് 'മുഹൂർത്തപദവി ബാലശങ്കരം'. മഴമംഗലം ശങ്കരൻ നമ്പൂതിരിയാണു ഗ്രന്ഥകർത്താവ്. ഇതിന്റെ പകർപ്പുകൾ ധാരാളം പ്രചരിച്ചതായി കാണുന്നു. വ്യാഖ്യാതാക്കൾ മൂലകൃതിയിലെ ശ്ലോകങ്ങൾക്കു വെറുതേ പദാനുപദം അർത്ഥം പറഞ്ഞു പോവുകയല്ല പലപ്പോഴും ചെയ്യുന്നത്. പ്രസക്തമെന്നു തോന്നുന്ന കൃതികളിലെ ആശയങ്ങൾ ഉചിതമായി ചേർത്തിണക്കുകയും കൂടിയാണ്.

### വാസ്തുവിദ്യ

വാസ്തുവിദ്യയുടെ മണ്ഡലങ്ങളിലും കേരളത്തിന്റെ സംഭാവന കുറവല്ല. കേരളീയവും അല്ലാത്തവയുമായ മയമതം, പ്രയോഗമഞ്ജരി, വിശ്വകർമ്മീയം, കാശ്യപീയം, *തന്ത്രസമുച്ചയം*, വാസ്തുവിദ്യ, ഈശാനഗുരുദേവപദ്ധതി തുടങ്ങിയ സംസ്കൃതകൃതികളെ മുൻനിർത്തിയാണ് *മനുഷ്യാലയചന്ദ്രിക*പോലുള്ള വാസ്തുശാസ്ത്രഗ്രന്ഥങ്ങളുടെ രചന. *തന്ത്രസമുച്ചയ*ത്തിന്നും *മനുഷ്യാലയചന്ദ്രിക*യ്ക്കും ഭാഷാരൂപങ്ങളുണ്ടാ

യിട്ടുണ്ട്. ശില്പരത്നം മണിപ്രവാളം, ശില്പശാസ്ത്രം ഭാഷാവ്യാഖ്യാനം, ശില്പിരത്നം ഭാഷാമിശ്രം തുടങ്ങിയ കൃതികൾ സംസ്കൃതത്തിൽനിന്നു മൊഴിപകർന്നെത്തിയവയാണ്. അത്യാവശ്യത്തിന്ന് ഉപയോഗിക്കാൻപോന്ന കൈപ്പുസ്തകങ്ങൾ (hand-books)എന്ന നിലയ്ക്കാണ് ഇവയിലധികവും പ്രചരിച്ചത്. 'തന്ത്രസമുച്ചയം ഭാഷ'യിൽ, "ഹരിഃ ശ്രീ ഗണപതയെ നമഃ അവിഘ്നേ പരിസമാപ്തിരസ്തു" എന്നെഴുതിയ ശേഷം നല്ല മണിപ്രവാളത്തിൽ രചനാലക്ഷ്യം ഇങ്ങനെ വിവരിച്ചിരിക്കുന്നു:

കൃത്വാ ഗുരൂൻമനസി തന്ത്രസമുച്ചയത്തിൽ
കല്പായ പദ്യമിഹ വേറെ എടുത്തുകൊണ്ട
ഗൃബ്ദസ്യമാർഗമറിയാത്ത ജനത്തിനിഷ്ട-
മെന്നോർത്തുതൻപൊരുളു ഭാഷയിലേഷലിഖ്യേ

മയമതം ഭാഷാവ്യാഖ്യാനം, ശിൽപരത്നം മണിപ്രവാളം, ശിൽപിരത്നം ഭാഷാമിശ്രം, വാസ്തുവിദ്യ ഭാഷാവ്യാഖ്യാനം തുടങ്ങിയ വാസ്തുവിദ്യാഗ്രന്ഥങ്ങളിലൂടെ തെളിഞ്ഞുവന്ന മലയാളം വേണ്ടവിധം പഠനവിധേയമായിട്ടില്ല.

### വ്യാകരണം-ശബ്ദകോശം

ഭാഷയുടെ തനിമയും എല്ലുറപ്പും തെളിയുന്ന മറ്റൊരു മണ്ഡലം വ്യാകരണം, ശബ്ദകോശം എന്നിവയുടേതാണ്. മലയാളികളായ മധ്യകാലസംസ്കൃതപണ്ഡിതന്മാർ പലരും അക്കാലത്തെ പ്രസിദ്ധരായ വൈയാകരണന്മാരായിരുന്നു. മധ്യകാലത്ത്, തിരുവേഗപ്പുറ കൂടല്ലൂർമന കേന്ദ്രമാക്കി ഒരു വ്യാകരണചിന്താസരണി (School of Grammer) തന്നെ ഇവിടെയുണ്ടായിരുന്നു. 15-ാംശതകത്തിൽ, സാമൂതിരിക്കോവിലകവുമായി ബന്ധപ്പെട്ടിരുന്ന 'പതിനെട്ടരക്കവി'കളിൽ[5] അഞ്ചുപേർ തിരുവേഗപ്പുറക്കാരായിരുന്നുവെന്ന് *കേരളസാഹിത്യ ചരിത്രം* 2-ാം വാല്യത്തിൽ ഉള്ളൂർ പറയുന്നുണ്ട് (1990: 25). കേരളത്തിന്റെ ശബ്ദശാസ്ത്ര പാരമ്പര്യത്തെ പ്രതിനിധീകരിക്കുന്ന ഒട്ടേറെ താളിയോലഗ്രന്ഥങ്ങൾ നമ്മുടെ ഹസ്തലിഖിതഗ്രന്ഥാലയങ്ങളിലുണ്ട്. വ്യാകരണവും നിഘണ്ടുവുമായി നൂറ്റമ്പതിലധികം ഗ്രന്ഥങ്ങൾ കേരളസർവകലാശാലാ ശേഖരത്തിലുണ്ട്. രൂപാവതാരം, *ബാലപ്രബോധനം*, *അമരകോശ*ത്തിന്റെ പഞ്ചിക, സുബോധിനി വ്യാഖ്യാനങ്ങളും *സിദ്ധരൂപ*ത്തിന്റെ പകർപ്പുകളുമുണ്ട്. അന്നത്തെ സംസ്കൃതപഠിതാക്കൾക്ക് മുഖ്യാശ്രയം ഇത്തരം കൃതികളായിരുന്നു. സംസ്കൃതം പഠിക്കാൻ തുടങ്ങുന്ന

വിദ്യാർത്ഥികൾക്കുവേണ്ടി വ്യാകരണത്തിന്റെ ആദ്യപാഠങ്ങൾ മണിപ്രവാളത്തിൽ എഴുതിയിട്ടുള്ളതാണ്, *ബാലപ്രബോധനം*. 20-ാം ശതകത്തിലും കേരളത്തിൽ ഇതിനേറെ പ്രചാരമുണ്ടായിരുന്നു. സമാസചക്രം, സംസ്കൃത സന്ധികാര്യം പോലുള്ള കൃതികളുടെ പകർപ്പുകളും കാണാം. വ്യാകരണ സിദ്ധാന്തം പഠിപ്പിക്കാനല്ല, പ്രായോഗിക വ്യാകരണത്തിന്റെ (practical grammer) ആവശ്യത്തിനായാണ് ഇവ പ്രചരിച്ചത്.

ഇനി നമുക്ക് വൈദ്യശാസ്ത്രസംബന്ധമായ കൃതികളെക്കുറിച്ചുള്ള ഒരാലോചനയിലേക്കു കടക്കാമെന്നു തോന്നുന്നു.

## വൈദ്യം

ആയുർവേദമെന്നാണ് ഇവിടെ വൈദ്യത്തിന്നർത്ഥം. ആയുർവേദത്തിന്റെ വരവും പ്രചാരവും ഏറക്കുറെ കൃത്യമായി പറയാനാവും. വിഷവൈദ്യം, വസൂരിചികിത്സ, മർമ്മചികിത്സ, കേരളത്തിൽ പ്രത്യേകമായി ഉണ്ടായിരുന്ന ഔഷധങ്ങളെക്കൊണ്ടുള്ള യോഗങ്ങൾ, ചില നാടൻ ചികിത്സാസമ്പ്രദായങ്ങൾ എന്നിവയൊക്കെ ബുദ്ധമതാഗമത്തിനു മുൻപേതന്നെ ഇവിടെ ഉണ്ടായിരുന്നു (സി. കെ. രാമചന്ദ്രൻ 2007: 12). അശോകശാസനം മുതൽക്കെങ്കിലും അതിന്റെ ആധികാരികത്തെളിവുകളുണ്ടല്ലോ. നാട്ടുവൈദ്യത്തെ തള്ളിക്കളയുന്നില്ല. എന്നാൽ അതിന്റെ വികാസപരിണാമങ്ങൾ കൃത്യമായറിയില്ല. നാട്ടിൻപുറങ്ങളിൽ നാവുപകർന്നുപോന്ന ഇവയുടെ ലിഖിതപാഠങ്ങൾ ലഭ്യമാവില്ലെന്നതുതന്നെ കാരണം. ലിഖിതപാഠങ്ങളുടെ ദൗർലഭ്യം പക്ഷേ, അവയുടെ അസാന്നിധ്യത്തെയല്ല കുറിക്കുന്നതെന്ന് ആദ്യമേ സൂചിപ്പിക്കട്ടെ. മറുനാട്ടുവൈദ്യവുമായി നാട്ടുവൈദ്യം ബന്ധം സ്ഥാപിക്കുന്നത് മൗര്യകാലത്തെങ്കിലുമായിരിക്കണം[6]. അക്കാലം മുതൽക്കേ അതിന്റെ സ്വാധീനവും നാട്ടുവൈദ്യത്തിൽ കലർന്നിട്ടുണ്ടാവണം. ആയുർവേദം പോലെത്തന്നെ ദ്രവ്യഗുണപ്രധാനമാണ് നാട്ടുവൈദ്യവും. എന്നാൽ പഴയ തമിഴകത്തെ ഏതേതു നാടുകളുമായാണ് അക്കാലത്തു കേരളത്തിനു ബന്ധങ്ങളുണ്ടായിരുന്നതെന്നു നിഷ്കർഷിച്ചുപറയാൻവേണ്ട തെളിവുകൾ കിട്ടിയിട്ടില്ല. പടിഞ്ഞാറേക്കരയിലെ വൈദ്യത്തേയോ ഔഷധവ്യാപാരത്തേയോ കുറിച്ച് പഴന്തമിഴ്കൃതികൾ കാര്യമായ വിവരങ്ങളൊന്നും പങ്കുവയ്ക്കുന്നുമില്ല.

കേരളത്തിൽ വൻപ്രചാരമുണ്ടായ കൃതിയാണ് *അഷ്ടാംഗഹൃദയം*. വൈദ്യശാസ്ത്രഗ്രന്ഥങ്ങളുടെ താളിയോലകളേറെയും ഇതിന്റെ ഭാഷാവ്യാഖ്യാനങ്ങളാണ്. ഗ്രന്ഥം സമ്പൂർണ്ണമായും ചില അധ്യായങ്ങൾ

മാത്രമായും പകർത്തുന്ന പതിവുണ്ട്. പൂർണകൃതികളധികവും വ്യാഖ്യാനങ്ങളാണ്. അഷ്ടാംഗഹൃദയം സൂത്രസ്ഥാനം, ചികിത്സിതസ്ഥാനം, ഉത്തരസ്ഥാനം, നിദാനസ്ഥാനം, ശസ്ത്രകർമവിധി എന്നിവയെല്ലാം പ്രത്യേകം പ്രത്യേകം ഗ്രന്ഥങ്ങളായി കൈകാര്യം ചെയ്തുപോന്നിരുന്നു *അഷ്ടാംഗസംഗ്രഹ*ത്തിന്റെ പകർപ്പുകളും. മൂലകൃതിയുടെ സാരം ലളിതഗദ്യത്തിൽ പറയുന്ന, അഷ്ടാംഗഹൃദയപ്പൊരുൾ പോലുള്ള സംഗ്രഹഗ്രന്ഥങ്ങളും കുറവല്ല. ഈ ഭാഷാന്തരണം സംസ്കൃതപടുക്കളല്ലാത്ത വൈദ്യന്മാർക്കുവേണ്ടിയാണെന്നു വ്യക്തമാണല്ലോ. സംസ്കൃതമൂലത്തിന്നു സമാന്തരമായിത്തന്നെയാണ് അതിന്റെ ഭാഷാരൂപങ്ങളും പ്രചരിച്ചുവന്നത്. കേരളത്തിന്നുപുറത്ത് ഏറെ പ്രചാരമുണ്ടായിരുന്ന *ചരക-സുശ്രുത*ങ്ങൾ ഇവിടെ കാര്യമായി പ്രചരിച്ചിരുന്നതായി കാണുന്നില്ല.

മൂലകൃതികളുടെ മാത്രമല്ല പ്രാദേശികമായ യോഗഗ്രന്ഥങ്ങളുടെ പകർപ്പുകളുമുണ്ട്. ഇവ സൂചിപ്പിക്കുന്നത് ശാസ്ത്രവിജ്ഞാനത്തിന്റെ പ്രാദേശികവൽക്കരണമാണെന്ന് എം.ആർ. രാഘവവാരിയർ പറയുന്നു. ഇങ്ങനെ ഗ്രന്ഥരചന നടത്തുമ്പോൾ കാലികമായ ഭാഷാശൈലികൾ അവയിലുണ്ടാവും(2009: 12). ശാസ്ത്രഗ്രന്ഥങ്ങളിലെ സംസ്കൃതപദങ്ങളെ അനായാസം മലയാളത്തിലാക്കാൻപോന്ന ഭാഷാവൈഭവം അന്നത്തെ കേരളീയ വൈദ്യന്മാർ ആർജ്ജിച്ചതിന്റെ തെളിവുകൾ കൃതികളിൽ സുലഭമായിക്കാണാം.

കാട്ടുതിപ്പലിയുതം കടലാടി
ചുക്കുമഞ്ഞളിവകൊണ്ടു കഷായം
ഇംഗുസൈന്ധവയുതം കുടിച്ചിടിൽ
ഗുന്മവൃദ്ധികെടുമഗ്നിമാന്ദ്യവും.

(*ആലത്തൂർ മണിപ്രവാളം*, ശ്ലോ. 9)

(കാട്ടുതിപ്പലി, കടലാടി, ചുക്ക്, മഞ്ഞൾ ഇവ കഷായംവെച്ച് ഇന്തുപ്പു മേമ്പൊടിയായി സേവിച്ചാൽ ഗുന്മവൃദ്ധിയും അഗ്നിമാന്ദ്യവും ശമിക്കും) വനപിപ്പലിയെ കാട്ടുപിപ്പലിയാക്കി; അപാമാർഗയെ കടലാടിയും. ഏതു കടലാടിയെന്നു ചോദിക്കരുത്! സംസ്കൃതത്തിലെ ഹിംഗുവാണ് ഇംഗുവെന്നു തൽഭവത്തിൽ ചിരിച്ചുനിൽക്കുന്നത്. 'കെടുക', ശമിക്കുക തന്നെ.

ഇന്തുപ്പുകാണമയമോദമിരണ്ടുകാണം
നാലെവ തിപ്പലി ഹരീതകിയാറു കാണം
വെന്നീരിൽ നന്റു പുളിമോരിലതീവ നന്റു

മന്ദാഗ്നിനാമിതി വദന്തി തിരണ്ടവൈദ്യാഃ
(*ആലത്തൂർ മണിപ്രവാളം*, ശ്ലോ. 120)

'കാണം'ഒരളവ്, വെന്നീര് എന്നാൽ വെന്ത-തിളച്ച വെള്ളം, തിരണ്ട എന്നാൽ തികഞ്ഞ, വിദഗ്ധരായ. ഈ അർത്ഥങ്ങൾ പിടികിട്ടിയാൽ പ്പിന്നെ ഈ ശ്ലോകത്തിൽ സംശയമെന്ത്? ചുക്ക് എന്നു നല്ല മലയാളം മാത്രമല്ല, വേണമെങ്കിൽ തൊട്ടടുത്തശ്ലോകത്തിൽ അതിന്റെ ശുണ്ഠി യെന്ന സംസ്കൃത രൂപവും പ്രയോഗിക്കും. അഷ്ടാംഗഹൃദയവ്യാഖ്യ യിലെ ദ്രവ്യവിജ്ഞാനീയചർച്ചയിൽ,

ജീവനം തർപ്പണം ഹൃദ്യം
ഹ്ലാദിബുദ്ധിപ്രബോധനം
തന്വവ്യക്തരസം മൃഷ്ടം
ശീതം ലഘ്വമൃതോപമം

എന്ന ശ്ലോകം വ്യാഖ്യാനിക്കുന്നത് ഇങ്ങനെയാണ്:

"ജീവനം പ്രാണനെ ഉണ്ടാക്കുന്നത് തർപ്പണമെന്ന തൃപ്തിവരു ത്തുന്നത് ഹൃദയമെന്ന ഹൃദയവ്യാധിക്ക് ആഹ്ലാദം മനസ്സിന്ന് സുഖം വരുത്തുന്നത് ബുദ്ധിപ്രബോധനമെന്ന ബുദ്ധിയെ ഉണർത്തുന്നത്" (2412 A താളിയോല ഗ്രന്ഥസൂചി, 1986,പു. 425). എത്ര മനോഹരമായ മലയാളം!

നാരായണവിരചിതമായ ജ്യോത്സ്നിക എന്നൊരു വിഷവൈദ്യഗ്ര ന്ഥമുണ്ട്. വൈദ്യന്മാർക്കിടയിൽ വലിയ പ്രചാരമുള്ള കൃതിയാണ്. ഇതിലെ മലയാളം ഈ മട്ടിലാണ്:

വിഷപീഢിതരായുള്ള
നരാണാം ഹിതസിദ്ധയേ
തച്ചികിത്സാം പ്രവക്ഷ്യാമി
പ്രസന്നാസ്തു സരസ്വതീ (108 B)

ഇങ്ങനെയുള്ള കൃതികളിൽ ഗദ്യപദ്യങ്ങൾ ഇടകലരും. സംസ്കൃത ത്തിലുള്ള ശ്ലോകങ്ങളും ഭാഷാശ്ലോകങ്ങളും കലരുന്നതും വളരെ സാധാരണമാണ്. സംസ്കൃതശ്ലോകങ്ങളുടെ താത്പര്യം ചിലപ്പോൾ ഗദ്യങ്ങളിൽ മാത്രമല്ല പദ്യങ്ങളിലും വിവരിക്കുന്നതു കാണാമെന്ന് എം. എം. പുരുഷോത്തമൻനായർ പറയുന്നു (1986: പു. 447). ഗരുഡവാക്യം മണിപ്രവാളം, ഗുണപാഠം മണിപ്രവാളം, ചികിത്സാ സരണി മണി പ്രവാളം, നയനാമൃതം മണിപ്രവാളം, നേത്രചികിത്സിതം മണി പ്രവാളം, ബാലചികിത്സ മണിപ്രവാളം, മാതംഗലീല ഭാഷാവ്യാ

ഖ്യാനം, യോഗാമൃതം ഭാഷ, വിഷനാരായണീയം മണിപ്രവാളം, വിഷപീഡ ഭാഷാമിശ്രം, വൈദ്യസാരം മണിപ്രവാളം തുടങ്ങിയ കൃതികൾ ഈ വഴിക്കുള്ള മലയാളത്തിന്റെ വളർച്ചയുടെ സൂചകമാണ്.

**വൈദ്യശാസ്ത്രഗ്രന്ഥങ്ങൾ: സാമാന്യവിശകലനം**

പൂർണകൃതികളധികവും വ്യാഖ്യാനരൂപത്തിലാണ്. ഇവയിൽ ഏറെയും *അഷ്ടാംഗഹൃദയ*വ്യാഖ്യാനങ്ങളാണ്. *അഷ്ടാംഗസംഗ്രഹ*ത്തിന്റെ പകർപ്പുകളുമുണ്ട്. ഗ്രന്ഥം പൂർണ്ണരൂപത്തിലും ചില അധ്യായങ്ങൾ മാത്രമായും പകർത്തി സൂക്ഷിച്ചിരിക്കുന്നു. അഷ്ടാംഗഹൃദയം സൂത്രസ്ഥാനം, ചികിത്സിതസ്ഥാനം, ഉത്തരസ്ഥാനം, ദ്രവദ്രവ്യവിജ്ഞാനീയം, നിദാനസ്ഥാനം, ശസ്ത്രകർമവിധി എന്നിവയെല്ലാം പത്യേകം പ്രത്യേകം ഗ്രന്ഥങ്ങളായി കൈകാര്യം ചെയ്തുപോന്നിരുന്നു. അഷ്ടാംഗഹൃദയപ്പൊരുൾ പോലുള്ള സംഗ്രഹഗ്രന്ഥങ്ങൾ മൂലകൃതിയുടെ സാരം ലളിതമായ ഗദ്യത്തിൽ ആവിഷ്കരിക്കുന്നവയാണ്:

> അഷ്ടാംഗഹൃദയഗ്രന്ഥം പൊരുൾപ്പെടുത്ത ചെറു മനുഷ്യരുടെ വ്യാധിയെച്ചൊല്ലുന്നു. ഇരിന്നൂറ്റിമുപ്പത്തൊന്നുപ്രകാരം കഴുത്തിനു മേൽ. കണ്ണിലുണ്ടാകുന്ന വ്യാധികൾ തൊണ്ണൂറ്റിനാല്. ചെവിയിൽ ഉണ്ടാകുന്ന വ്യാധികൾ ഇരിപത്തഞ്ച്... ബ്രഹ്മി പാൽവീത്തിയരച്ചു പാലിൽക്കുടിക്ക. മൂത്രം വീഴും.

സഹസ്രയോഗത്തിന്റെ പകർപ്പുകളുണ്ട്. പല ഗ്രന്ഥങ്ങളും അപൂർണമാണ്. ഒരു ഭാഷാവ്യഖ്യാനത്തിൽ ഗ്രന്ഥാവസാനം ഇങ്ങനെ കാണുന്നു:

> നെയ്യിലിരട്ടി പുളിച്ച തൈരും വീത്തുക. മുത്തങ്ങാ കാട്ടുതിപ്പല്ലി തിപ്പല്ലി ഇന്തുപ്പ് ഇവ പൊടിച്ചു കൽക്കമിടുക കാച്ചിച്ചുകൊണ്ടു ഉച്ചയ്ക്കു ചുടുചോറ്റിൽക്കൂട്ടി സേവിക്ക എന്നാൽ ഗ്രഹണി ശമിക്കും.

മറ്റു ചില ഗ്രന്ഥങ്ങൾ ജ്വരചികിത്സപോലെ ഏതെങ്കിലും ഒരു രോഗത്തിന്റ നിദാനവും ചില ഔഷധയോഗങ്ങളും – കാഷായം/ഘൃതം – മാത്രം വിവരിക്കുന്നവയാണ്. ഇതു ചിലപ്പോൾ മധ്യകാലഘട്ടത്തോടെയെങ്കിലും പ്രചരിച്ചിരിക്കാനിടയുള്ള ഒരുതരം വിശേഷവൈദഗ്ധ്യത്തിന്റെ (specialization) സൂചനയാണെന്നുതോന്നുന്നു. ഇന്നും നാട്ടിൻപുറങ്ങളിൽ ഈ പ്രവണത തുടർന്നുപോരുന്നുണ്ട്. ഇതു പക്ഷേ, ശുദ്ധ

ആയുർവേദമല്ല, മിക്കപ്പോഴും ഒറ്റമൂലിചികിൽസകളാണ് എന്നുകാണാം. മാത്രവുമല്ല, ചില രോഗങ്ങൾക്കുള്ള ചികിൽസ ചില വീട്ടുകാർമാത്രമേ നടത്തൂ എന്നതും ശ്രദ്ധയർഹിക്കുന്നു[7].

*ചരക*മെന്നോ *അഷ്ടാംഗഹൃദയ*മെന്നോ *സഹസ്രയോഗ*മെന്നോ ഒരു പ്രത്യേകഗ്രന്ഥമായി കണക്കാക്കാനാവാത്ത കൃതികളുമുണ്ടായിരുന്നു. കാലിക്കറ്റ് സർവകലാശാലാഗ്രന്ഥാലയത്തിലെ 'കൈകണ്ട വിദ്യ'എന്ന ഗ്രന്ഥം ഈ പ്രവണതയുടെ അടയാളമാണ്. ഇത്തരം ഔഷധവിദ്യകൾ പലതും ഗുരുമുഖത്തുനിന്നു കിട്ടിയ വിദ്യകളെന്ന നിലയ്ക്കാണു പ്രചരിച്ചും നിലനിന്നും പോന്നിട്ടുള്ളത്. ഗുരുത്വസങ്കൽപത്തിനു വലിയ പരിഗണന കിട്ടിയിരുന്ന ഒരു നാട്ടിൽ ഇതു സ്വാഭാവികം. നേത്രരോഗം, ബാലചികിത്സ, മർമചികിൽസ തുടങ്ങിയവ വിവരിക്കുന്ന പ്രകരണങ്ങളും ഇങ്ങനെ കണ്ടുവരുന്നുണ്ട്. ഗ്രന്ഥാപേക്ഷയില്ലാതെ പലതരം ചികിത്സാവിധികളെ ഒരുമിച്ചുചേർത്തു പ്രതിപാദിക്കുന്ന, 'വിവിധചികിത്സാവിധികൾ' പോലുള്ള കൃതികളും സവിശേഷശ്രദ്ധയാവശ്യപ്പെടുന്നു.

**ലോഹവിജ്ഞാനീയം**

പ്രദേശികമായ ലോഹവിജ്ഞാനീയത്തിന്റെ വികാസം സൂചിപ്പിക്കുന്ന ഗ്രന്ഥങ്ങളും പ്രചാരത്തിലുണ്ടായിരുന്നു. കേരളീയരസതന്ത്രവിജ്ഞാനത്തിന്റെ തെളിവുകളാണ് ഈ മണ്ഡലത്തിലുണ്ടായ കൃതികൾ. സിന്ദൂര മഞ്ജരി, രസോപനിഷത്ത്, തുടങ്ങിയ കേരളീയഗ്രന്ഥങ്ങൾ ഈ വഴിക്കുള്ള മുന്നേറ്റങ്ങളെ അടയാളപ്പെടുത്തുന്നു[8]. ആയുർവേദത്തിലെ പല ഔഷധയോഗങ്ങളിലും ശുദ്ധീകരിച്ച ലോഹങ്ങളും രത്നങ്ങളും മുത്തുകളും ഗന്ധകവുംമറ്റും ചേരുന്നുണ്ട്. വൈദ്യചിന്താമണി എന്ന ഗ്രന്ഥത്തിന്റെ പന്ത്രണ്ടാമധ്യായത്തിന്റെ ഭാഷാരൂപം കാണുന്നു. അതിന്റെ അവസാനം, ഗോമേതകം കുമ്പളങ്ങനീരിലും കുതിരമൂത്രത്തിലും മുമ്മൂന്നുദിവസമിട്ടെടുത്തുകൊൾക. വൈഡൂര്യം പൂഷണിചാറ്റിലും കുതിരമൂത്രത്തിലും 3 ദിവസമിട്ടെടുത്തുകൊൾക എന്നു കാണുന്നുണ്ട്.

രസോൽപത്തി, ചെമ്പുശുദ്ധിപ്രകാരം (കാലിക്കറ്റ് ശേഖരം) രസാദിശുദ്ധി വ്യാഖ്യാനം, രസസാരം, രസവാദവിധി, രസപ്രയോഗം, രസസാരം (കേരള സർവകലാശാലാശേഖരം) പോലുള്ള ഗ്രന്ഥങ്ങളും ഈവഴിക്കാണ്. രസമോ അതിന്റെ പരിവർത്തിതരൂപങ്ങളോ മനുഷ്യശരീരത്തിലെത്തിയാൽ മാരകമായ വിഷമാണെന്നാണ് ആധുനിക ശാസ്ത്രമതം (ജപ്പാനിലെ മിനാമാതാ രോഗം). ആ രസത്തിന്റെ

(mercury) ശുദ്ധീകരണ പ്രക്രിയയാണീ ഗ്രന്ഥങ്ങളിലുള്ളത്. എന്നാൽ ഇതാർക്കും ചെയ്യാമെന്നർത്ഥമില്ല. രസോൽപത്തിയിൽ, ശുദ്ധിക്രമം വിവരിച്ചശേഷം സൂക്ഷ്മം ഗുരുമുഖത്തുനിന്നു ഗ്രഹിക്കാൻ പറയുന്നതും കാണാം. ജ്ഞാനം നിയന്ത്രിതമാണെന്നർത്ഥം. ചെമ്പുതകിടു പഴുപ്പിച്ച് എരുക്കിൻ ചാറിൽ പലവട്ടം മുക്കിയാൽ ശുദ്ധിവരുമെന്നു മേൽപറഞ്ഞ ചെമ്പുശുദ്ധിപ്രകാരത്തിലുണ്ട്. ഇതു ഗദ്യകൃതിയാണ്.

### മരുന്നും മന്ത്രവും

മരുന്നും മന്ത്രവും ചേർന്ന ചികിത്സാവിധികൾക്ക് വളരെയേറെ പ്രചാരമുണ്ടായിരുന്ന നാടാണു കേരളം. ഇന്നും അതു തീരെ ഇല്ലാതായിട്ടില്ല. ബാധോപദ്രവം, അപസ്മാരം, ഭ്രാന്ത് തുടങ്ങിയവയ്ക്കുള്ള ചികിൽസകൾ പൊതുവെ ഈ വിഭാഗത്തിൽപ്പെടുന്നു. വിഷചികിത്സയാണ് മന്ത്രപ്രയോഗത്തിന്നു സ്ഥാനംകിട്ടുന്ന മറ്റൊരിടം.

ദ്രവ്യഗുണപ്രധാനമായ ആയുർവേദം പ്രാദേശികസംസ്കൃതികളിലേക്കു പകർന്നപ്പോൾ ഭൗതികേതരമായ ഘടകങ്ങൾക്ക് ചികിൽസയിൽ മുമ്പും കൈയും കിട്ടാൻ തുടങ്ങി; ഔഷധവിജ്ഞാനീയത്തിലേക്ക് മന്ത്രവാദം കടന്നുവന്നു[9]. മനോരോഗചികിൽസയിലും വിഷചികിൽസയിലും ഈ രോഗനിദാനപദ്ധതി കയറിക്കൂടി. ഈ പരിണാമത്തിന്റെ അടയാളങ്ങളും ഗ്രന്ഥങ്ങളിലുണ്ട്. ഉന്മാദവിഭാഗങ്ങളും ലക്ഷണവും ചികിൽസയും വിവരിക്കുന്ന ഒരു ഗ്രന്ഥത്തിൽ (കാലിക്കറ്റു ശേഖരം, 327-O), ഇങ്ങനെ കാണുന്നു:

> ഇമ്മന്ത്രം 64 രു ജപിച്ചു പഞ്ചഗവ്യം 12 നേരം സേവിപ്പിക്കണം. അതിനു ഉഷകാലെ കുളിപ്പിച്ചുകൊണ്ടന്നിരുത്തി മാറ്റും പകരിച്ചു നോൻപാകയിരുത്തി സേവിപ്പിച്ചുകൊൾക. ഇന്നെയി (ഈ നെയ്) സേവിപ്പിക്കുന്നതിന്നു ശുദ്ധക്കേടു വന്നെംകിൽദോഷമുണ്ട. അതില്ലംകിൽ ഭ്രാന്തു 18-ം ശമിക്കുമെന്നറിക. എത്രയും സാരം ഗുരുവിനാണെ ശുഭമസ്തു.

പഞ്ചഗവ്യത്തിന്റെ ഔഷധഗുണത്തേക്കാൾ മന്ത്രത്തിന്റെ രോഗസംഹാരശേഷിയിലാണ് പ്രയോക്താക്കളുടെ ഊന്നൽ എന്നർത്ഥം! വിഷനാരായണീയം മണിപ്രവാളം, വിഷമോചനം തുടങ്ങിയ ഗ്രന്ഥങ്ങളും മന്ത്രൗഷധചികിൽസ ശുപാർശചെയ്യുന്നു.

### മർമവിദ്യ

മർമചിന്തയുമായി ബന്ധപ്പെട്ടതാണ് മറ്റൊരു മേഖല[10]. ഈവിഷയ

ത്തിൽ അൻപതിലധികം ഗ്രന്ഥങ്ങൾ കേരളസർവകലാശാല പുറത്തിറക്കിയ മലയാളഗ്രന്ഥസൂചിയിൽ (1991) കാണുന്നു. മർമചികിത്സ, മർമലക്ഷണവും ചികിത്സയും തുടങ്ങിയ പേരുകളിലാണ് ഇവ ഗ്രന്ഥസൂചിയിൽ രേഖപ്പെടുത്തിക്കാണുന്നത്. മർമക്ഷതചികിത്സ, മർമങ്ങൾ, മർമലക്ഷണം, മർമവിദ്യ, മുറിവിനു ചികിത്സ തുടങ്ങിയ ശീർഷകങ്ങളിലുള്ള ഗ്രന്ഥങ്ങളാണു കാലിക്കറ്റ് ശേഖരത്തിൽ കാണുന്നത്. ഇക്കൂട്ടത്തിലെ മർമവിഭാഗശാസ്ത്രം എന്ന ഗ്രന്ഥത്തിൽ(1077-D)മൂന്നു ഭാഗങ്ങളായിത്തിരിച്ചാണ് വിഷയം ചർച്ചചെയ്യുന്നത്. ശരീരത്തിൽ മർമങ്ങളുടെ സ്ഥാനവും മർമങ്ങൾ മുറിഞ്ഞാൽ ചെയ്യേണ്ട ചികിത്സയുമാണിവയുടെ പ്രതിപാദ്യം. മർമവിദ്യയ്ക്കു കളരികളുമായി ബന്ധമുണ്ട്. നാട്ടിലെ കളരിയാശാന്മാർ മർമചികിത്സയുടെ പ്രയോക്താക്കളുമായിരുന്നു. നാട്ടുചികിത്സയുടെ ഭാഗമെന്ന നിലയിൽ കളരിക്കുപുറത്തേക്കും മർമവിജ്ഞാനം പ്രചരിച്ചതിന്റെ സൂചകങ്ങളാവാം ഈ ഗ്രന്ഥങ്ങൾ.

### ശാസ്ത്രം മണിപ്രവാളസാഹിത്യത്തിൽ

പ്രധാനമായും രണ്ടുതരത്തിലാണ് മണിപ്രവാളകൃതികളിലെ ആയുർവേദവിജ്ഞാനം തെളിഞ്ഞുകാണുന്നത്. ഒന്ന്, അങ്ങാടികളിൽ വിൽപ്പനക്കെത്തുന്ന സസ്യജന്യവും ജന്തുജന്യവുമായ മരുന്നിനങ്ങളുടെ വൈവിധ്യത്തിൽ; രണ്ട്, വൈദ്യന്മാരുടെ സംഭാഷണങ്ങളുടെ രൂപത്തിൽ. ചില സന്ദർഭങ്ങളിൽ കവിവാക്യങ്ങളായും വൈദ്യജ്ഞാനം കടന്നുവരില്ലെന്നുമില്ല. മധ്യകാലത്ത് *ഭാഷാരാമായണംചമ്പു*പോലുള്ള കൃതികളിൽ ഇതു കാണാം. അതു വൈദ്യോപാലംഭത്തിലാണ്. ചുരുക്കമായെങ്കിലും ചില ഔഷധയോഗങ്ങളുടെ പേരുകളും മണിപ്രവാളകൃതികളിൽ കാണാം[11].

മരുന്നുകളുടെ സ്ഥിതിയോ? മധ്യകാലത്തുമാത്രമല്ല, പിൽക്കാലത്തും ആയുർവേദഗ്രന്ഥങ്ങളിലെ ഔഷധയോഗങ്ങളിലും നാട്ടുചികിത്സയിലും ഉപയോഗിക്കുന്ന എൺപതിലധികം മരുന്നുകളുടെ പേരുകൾ *ഉണ്ണിയച്ചി-ഉണ്ണിയാടീചരിത*ങ്ങളിലേയും *ഉണ്ണുനീലിസന്ദേശ*ത്തിലേയും *അനന്തപുരവർണന*ത്തിലേയും അങ്ങാടിവർണ്ണനകളിൽനിന്നു കിട്ടുന്നുണ്ട്. ചിലതെല്ലാം കേരളത്തിലുള്ളതും പലതും പുറത്തുനിന്നുമാണ്. പഞ്ചാബ്, കാശ്മീർ, അഫ്ഗാനിസ്ഥാൻ, ഇറാൻ തുടങ്ങിയ പ്രദേശങ്ങളാണ് കായത്തിന്റെ പ്രഭവസ്ഥാനങ്ങൾ. കുന്തിരിക്കം വടക്കേയിന്ത്യയിലെ വരണ്ട കുന്നുംപുറങ്ങളിൽനിന്നാണു കിട്ടുക. കുങ്കുമം, കന്മദം, പച്ചില(തമാലപത്ര) ഇവയുടെ പ്രഭവം ഹിമാലയമേഖലകളാണ്. അതിവിടയവും അവിടെനിന്നാണെത്തുന്നത്. ഗുൽഗുലു

ഡക്കാൻപീഠഭൂമിയുടെ വടക്കൻപ്രദേശങ്ങളിൽനിന്നാണു വരുന്നത്. കരി ഞ്ചീരകമാവട്ടെ പഞ്ചാബ്, ബീഹാർ പ്രദേശത്തുനിന്നും. ജാതി, ഏലം, കുരുമുളക്, തുടങ്ങി ഇന്ന് അങ്ങാടിയിൽ ലഭ്യമാകുന്ന എല്ലാ മരുന്നു കളും അന്നുമുണ്ട്. പക്ഷേ പ്രാദേശികമായി പറമ്പിടകളിലോ നീർപ്പ റ്റുള്ള സ്ഥലങ്ങളിലോ ലഭ്യമാവുന്നതുകൊണ്ടായിരിക്കണം, ബ്രഹ്മി, ചിറ്റമൃത്പോലുള്ള ചിലതൊന്നും അങ്ങാടികളിലേക്കു വരുന്നതായി കാണുന്നില്ല. ഏറെ നേരം/കാലം സൂക്ഷിച്ചാലും, ഗുണം പോകാത്ത വയാണ് വില്പനക്കെത്തുന്ന ചരക്കുകളിലധികവും. ഇവയുടെ ഒരു പട്ടിക താഴെക്കൊടുക്കുന്നു:

| മലയാളം | സംസ്കൃതം | ശാസ്ത്രനാമം |
|---|---|---|
| 1. അകിൽ | അഗരു | Aquilaria agallocha Roxb. |
| 2. അഞ്ചനം | അഞ്ജനം | Antimony |
| 3. അതിവിടയം | അതിവിഷ | Aconitum heterophyllum Wall. ex. Royle |
| 4. അത്തിത്തിപ്പലി | ഗജപിപ്പലി | Scindapsus officinalis(Roxb) Schott |
| 5. അഭ്രകം | അഭ്രക | Mica |
| 6. അമുക്കുരം | അശ്വഗന്ധ | Withania Soimnifera (Linn.)Dunal |
| 7. അയമോതകം | അജമോജ | Trachyspermum roxburghiannum (DC.) Craib. |
| 8. അരക്ക് | ലാക്ഷ | Laccifer lacca kerr. |
| 9. അരിതാരം | ഹരിതാല | Orpiment |
| 10.. ഇന്തുപ്പ് | സൈന്ധവം | Rocksalt |
| 11. ഉലുവ | മേദി | Trigonella Roenum gracecum Linn. |
| 12. ഉള്ളി | പലാണ്ഡു | Allium cepa Linn. |
| 13. എള്ള് | തില | Sesamum indicum L. |
| 14. ഏലാവാലുകം | ഏലാവാലുക | Prunus avium |
| 15. ഏലം | ഏലാ | Elettaria cardamomum Maton |
| 16. കഞ്ചാവ് | ഭാംഗ | Cannabis sativa Linn. |
| 17. കടുക് | സർസപ | Brassica junea (Linn.) |

| | | |
|---|---|---|
| | | Czern. & Coss. |
| 18. കടുക്ക | ഹരീതകി | Terminalia Chebula Retz. |
| 19. കന്മദം | ശിലാജതു | Mineral wax (Earthwax) |
| 20. കരാമ്പൂ | ലവംഗ | Syzygium caryophyllatum (Linn.) Alston |
| 21. കരിഞ്ചീരകം | കരവി | Nigella sativa Linn. |
| 22. കർക്കടശൃംഗി | കർക്കടശൃംഗി | Galls of Pistacia inte |
| 23. കരിമ്പ് | ഇക്ഷു | Saccharum officinarumLinn. |
| 24. കാർകോകിൽ | ബകുചി | Psoralea corylifolia Linn. |
| 25. കായം | ഹിംഗു | Ferula asafoetida Linn. |
| 26. കുന്തിരിക്കം | കുന്തുരുഷ്കം | Boswellia serrata Roxb. exColeb. |
| 27. കൊട്ടം | കുഷ്ഠം | Saussurea lappa C.B. Clarke |
| 28. കൊത്തമ്പാലി | ധാന്യക | Coriandrum sativum Linn. |
| 29. കോലം | കോല | Zizyphus mauritiana Lam. |
| 30. ഗുഗ്ഗുലു | ഗുഗ്ഗുലു | Commiphora mukul (Hook.ex Stocks) Engl. |
| 31. ചവർക്കാരം | യവക്ഷാര | Pottassii carbonus |
| 32. ചാതിക്ക | ജാതീഫല | Myristica fragrans Houtt. |
| 33. ചീരകം | ജീരകം | Cuminum cyminum Linn. |
| 34. ചുകിൽ | കുങ്കുമം | Crocus sativus Linn. |
| 35. ചുക്ക്/ഇഞ്ചി | ശുണ്ഠി | Zingiber officinale Rosc. |
| 36. ചെഞ്ചില്യം | സർജരസ | Shorea robusta Gaertn.f. |
| 37. ചെറുതേക്ക് | ഭാർങ്ഗി | Clerodendrum serratum (Linn.) Moon |
| 38. ചോനപ്പുല്ല് | ധ്യാമകം | Cymbopogon citratus (DC.) Stapf |
| 39. തകരം | തഗര | Valeriana wallichii Jones |
| 40. തക്കോലം | തക്കോലം | Illicium veram Hook.f. |
| 41. താതിരി | ധാതകി | Woodfordia fruiticosa (Linn.) Kurz |
| 42. തിപ്പലി | പിപ്പലി | Piper longum Linn. |

| | | |
|---|---|---|
| 43. തിരുവട്ട | ശ്രീവേഷ്ടക | Pinus roxburghii Sarg. |
| 44. തീമ്പൂ(കൊടുവേലി) | ചിത്രക | Plumbage indica Linn. |
| 45. തുത്തിനാകം | യസാദ | Alloy of Zinc and or Copper |
| 46. തുരിക്കം | തുരുഷ്കം | Liquidamber orientalis |
| 47. നറുമ്പ | രാസ | Commiphora myrrha (Nees) Engl. |
| 48. നാകപ്പൂ(നാഗപ്പൂ) | നാഗകേസര | Mesua ferrea Linn. |
| 49. നീലം | നീലിനി | Indigofera inctoria Linn |
| 50. പച്ചില | തമാലപത്ര | Cinnamomum tamala (Buch Ham) Nees |
| 51. പീതകരോഹിണി | സുപിത | Coptis tee wall. |
| 52. പു(ഷ്)ക്കരമൂലം | പുഷ്ക്കര | Inula racemosa Hook. f. |
| 53. മഞ്ചട്ടി | മഞ്ജിഷ്ഠ | Rubia cordifolia Linn. |
| 54. മഞ്ചണ | കമ്പില്ലക | Mallotus philippensis(Lam.) Muell-Arg. |
| 55. മഞ്ഞൾ | ഹരിദ്ര | Curcuma longa Linn |
| 56. മനോവില | മനശ്ശില | Orpiment |
| 57. മരമഞ്ഞൾ | ദാരുഹരിദ്ര | Coscinium fenstratuem (Gaertn.) Coleber |
| 58. മാക്കീരക്കല്ല് | | മാക്ഷിക Iron Pyrites |
| 59. മാഞ്ചി | ജടാമംശി | Nardistachys grandifloraDC. |
| 60. മുഞ്ഞ(വേര്) | അഗ്നിമന്ഥാ | Premna corymbosa Rottl. |
| 61. മുതിര | കുലത്ഥ | Macrotyloma uniflorum (Lam.)Verdc. |
| 62. മുന്തിരി | ദ്രാക്ഷ | Vitis vinifera Linn. |
| 63. മുളക് | മരിച | Piper nigrum Linn |
| 64. മൂലവഴുത്തി | ഭല്ലാതകഫലം | Semecarpus anacardium |
| 65. വിഴാലരി | വിഡംഗ | Embelia ribes Burm. F. |
| 66. വേല്ലകി/വെള്ളകിൽ | ശ്വേതഗുരു | Dysoxylum malabaricum Bedd. |
| 67. വേലം | ബർബുര | Acacia nilotica (Linn) Willd. ex Delssp. indica (Benth.) Brenan |

| | | |
|---|---|---|
| 68. ച(ശ)തകുപ്പ | ശതപുഷ്പ | Anethum gravelens Linn |
| 69. യ(ശ)താവരി | ശതാവരി | Asparagus racemousus Wild |
| 70. ശിലാജതു | ശിലാജതു | Asaphalt |

മേൽക്കൊടുത്തവയിലേറേയും സസ്യജന്യങ്ങളായ മരുന്നുകളാണെന്നു വ്യക്തമാണല്ലോ. കൂട്ടത്തിലുള്ള അഞ്ജനം, അഭ്രകം, ഇന്തുപ്പ്, ചവർക്കാരം, തുത്തനാകം തുടങ്ങിയവ രാസൗഷധികളാണ്. മൃഗജന്യമായവയും വിനിമയത്തിലുണ്ട്. കസ്തൂരിയും പുഴുവിൻനെയ്യും അരക്കും ഗോരോചനവും ഇത്തരത്തിൽ പെടുന്നു. ഇവയ്ക്ക് സുഗന്ധ/അലങ്കാരദ്രവ്യങ്ങളുടെ പദവിയുമുണ്ടെന്നുവേണമെങ്കിൽ പറയാം. മരുന്നുകളുടെ കൂട്ടത്തിൽ കവികൾ ചർച്ച ചെയ്തിട്ടില്ലാത്തതുകൊണ്ട് എണ്ണ, വെളിച്ചെണ്ണ, അകിൽത്തൈലം, ചെറുതേൻ, അമ്പഴം(*Spondias pinnata*), മുരിങ്ങ (*Moringa oleifera*), കൈപ്പയ്ക്ക (*Momor-dica charantia*), ചുരയ്ക്ക (*Lagenaria siceraria*), പുളി (*Tamarindus indi-ca*), കുമ്പളങ്ങ (*Benincasa hispida Thunb.*), വഴുതിന (*Solanum melon gena*), ചീര (*Spinacia oleracea L ?*) വെറ്റില (*Piper betle*), അടയ്ക്ക *(Areca catechu),* പനിനീർ (*Rosa centifolia*), കർപ്പൂരം (*Cinnamomum camphora*), ചന്ദനം (*Santalum album*), പരുത്തി (*Gossypium arboreum L.*), തിന(*Setaria italica*), നാരങ്ങ (*Citrus×limon (L.) Burm.f.*), കാരയ്ക്ക (*Randia uliginosa Retz.*), ചക്കര, ചെറുതേൻ, കസ്തൂരി, പുഴുക്, നെയ്യ്, തൈര്, പാൽ തുടങ്ങിയവയെ തൽക്കാലം ഈ പട്ടികയിൽ ചേർത്തിട്ടില്ല. കരിംകൂവളം (*Aegle marmelos*), ചെങ്ങഴിനീർ (*Kaempferia rotunda*), ചെമ്പകം (*Michelia champaca*), കൈത (*Pandanus canaranus*) പ്പൂവ്, പിച്ചകം (*Jasminum grandiflorum*) തുടങ്ങിയവയേയും ഔഷധങ്ങളുടെ കൂട്ടത്തിൽ പെടുത്താം. മീനെണ്ണ, ഔഷധമായി ഉപയോഗി ച്ചിരുന്നുവോ എന്നറിയില്ല. *അനന്തപുരവർണനത്തിലെ* കൊമ്പെണ്ണ (ശ്ലോ. 56), സ്രാവിന്റെ എണ്ണയാണെന്നാണു വ്യാഖ്യാനം. മാൻ കൊമ്പ്, കഴിക്കാനുള്ള ഔഷധങ്ങളിലും പുറത്ത് അരച്ചുപുരട്ടുന്ന പ്രയോഗങ്ങളിലും ഉപയോഗമുള്ളതാണ്. ഇത് അക്കാലത്തും ഉപയോഗിച്ചിരിക്കണം. ശംഖിന് അനുഷ്ഠാനമണ്ഡലത്തിനു പുറത്തും സ്ഥാനമുണ്ട്. ശംഖും മുത്തും കൂടി ചേർത്താൽ ഔഷധങ്ങളുടെ എണ്ണം നൂറുകടക്കും. ഇവ ശുദ്ധിചെയ്ത് ഭസ്മരൂപത്തിൽ ഉപയോഗിക്കാറുണ്ട്. മരുന്നുകളുടെ കൂട്ടത്തിൽ കവികൾ ചർച്ചചെയ്തിട്ടില്ലാത്തതു കൊണ്ട് മുരിങ്ങ, കൈപ്പയ്ക്ക, ചുരയ്ക്ക, പുളി, വഴുതിന, വെറ്റില, അടയ്ക്ക പനിനീർ, കർപ്പൂരം, ചന്ദനം, നെയ്യ്, കസ്തൂരി, പുഴുക്, പാൽ, തൈര്, എണ്ണ, വെളിച്ചെണ്ണ തുടങ്ങി

യവയെ ഇവിടെ പരിഗണിച്ചിട്ടില്ല. അക്കാലത്ത് മീനെണ്ണ ഔഷധമായി ഉപയോഗിച്ചിരുന്നുവോ എന്നറിയില്ല[12].

മണിപ്രവാളകൃതികളിൽക്കാണുന്ന മരുന്നുകളധികവും മറുനാടുകളിൽനിന്നുള്ളവയാണ്. ഈ പട്ടികയിലെ മരുന്നുകളിൽ മിക്കതും ഒന്നിലധികം അങ്ങാടികളിൽ കാണുന്നു എന്നതും പ്രധാനമാണ്. സമാനമായ ചികിൽസാപദ്ധതികൾ നാട്ടിലെമ്പാടും പ്രചരിച്ചിരുന്നു എന്നുതന്നെയാണ് ഇതിന്നർത്ഥം. തത്കാലീനസമൂഹത്തിൽ ആയുർവേദത്തിനുണ്ടായ ആഴത്തിലുള്ള വേരോട്ടമാണ് ഇതു സൂചിപ്പിക്കുന്നത്. ഇക്കാലത്തേക്ക് കേരളത്തിൽ പ്രചരിച്ച ആയുർവേദചികിത്സയുടെ സ്വഭാവത്തിലേക്കുകൂടി വെളിച്ചംവീശുന്നുണ്ട് ഈ വിവരങ്ങൾ. *ആലത്തൂർമണിപ്രവാള*ത്തെക്കുറിച്ചുള്ള ചർച്ചയിൽ എം. ആർ രാഘവവാരിയർ പറയുന്നു:

> ...ദ്രവ്യങ്ങളെ ആലത്തൂർവൈദ്യഗ്രന്ഥത്തിൽ കാണുന്ന രീതിയാസ്പദിച്ച് രണ്ടുവകുപ്പാക്കാം: ഒന്ന്, പരിസരത്തിൽനിന്ന്, അതായതു നാട്ടിൽനിന്നുതന്നെ പറിച്ചെടുക്കാവുന്നവ; മറ്റേത് മറുനാടുകളിൽനിന്ന് ശേഖരിച്ച് അങ്ങാടികളിലെത്തിച്ചശേഷം അവിടെനിന്നു വാങ്ങാവുന്നവ. അങ്ങാടിമരുന്നുകളുടെ പെരുപ്പമാണ് യോഗങ്ങളുടെ ചേരുവ സൂചിപ്പിക്കുന്ന ഒരു മുഖ്യസ്വഭാവം(2009:17).

വടക്കുനിന്നുള്ള മരുന്നുകൾ ഇവിടെ പ്രചരിക്കുന്നതു തീർച്ചയായും *ചരകം, സുശ്രുതം, അഷ്ടാംഗഹൃദയം* തുടങ്ങിയ അടിസ്ഥാനഗ്രന്ഥങ്ങൾക്കു നാട്ടുചികിത്സകരുടെയിടയിൽ കിട്ടിയ പ്രാമാണ്യത്തിന്റെ ഫലമാണ്. ഈ ഗ്രന്ഥങ്ങൾ മധ്യകാലകവിതകളിൽ പരാമർശിക്കത്തക്ക രീതിയിൽനാട്ടിൽ പേരും പെരുമയും നേടിയിരുന്നുഎന്നാണർത്ഥം.

പല മരുന്നുകളുടേയും ദോഷാംശങ്ങൾ നീക്കാൻ ശുദ്ധീകരി ക്കണം. അതിനായി പലതരത്തിലുള്ള ശുദ്ധീകരണപ്രക്രിയകൾ ആയുർവേദം വികസിപ്പിച്ചെടുത്തിട്ടുണ്ട്. പാഷാണം, രസം, കൊടു വേലിക്കിഴങ്ങ്, ചേരിൻകായ്, ചില ലോഹങ്ങൾ തുടങ്ങിയവയൊക്കെ ശുദ്ധീകരിച്ചേ ഉപയോഗിക്കൂ. ഇത് മധ്യകാലകേരളത്തിലെ വൈദ്യന്മാർക്കും സുപരിചിതമായിരുന്നുവെന്നുവേണം കരുതാൻ. അതിന്റെ ഒരു സൂചന *ഉണ്ണിയച്ചീചരിത*ത്തിൽ നിന്നു കിട്ടും:

> അഞ്ജനരാജൻമഷിയും കവണിക്കെട്ടുമെടുത്ത, ക്കട്ടുണ്ടായ തിടിന്റ്ച്ചിമിഴോടൊട്ടുണ്ടായിനപുഴുവി(ൻ)ചട്ടമു,

മെഴുതും ....... വിവിധമരുന്നു കുറിച്ചുകൊടുപ്പാനോലയു മുടനൊരു നാരായമുമൊരു സംസ്കൃതതമിഴ്മയയോഗഗ്ര ന്ഥം... (ഗദ്യം-19).

കൺമഷിയും കവണിക്കെട്ടും കട്ട് (അടിഞ്ഞുകിട്ടുന്ന പൊടി) ഇടുന്ന ചിമിഴുമൊക്കെയായി വരുന്ന വൈദ്യന്മാരെപ്പറ്റിയാണ് ഇവിടത്തെചർച്ച. ചില കിഴങ്ങുകളും മറ്റും ശുദ്ധിചെയ്യുന്നതിന്ന് വെള്ളത്തിൽ അരച്ചുക ലക്കും. കുറേ കഴിയുമ്പോൾ അതിന്റെ മുഖ്യാംശം വെള്ളത്തിൽ അടിഞ്ഞുകിട്ടും. ഇത് ഉണക്കിയെടുത്താൽ ഒന്നാംതരം പൊടിയാവും. ഇതത്രേ കട്ട് (ഗോപിനാഥൻനായർ 2005: 152-53). ദോഷാംശങ്ങൾ വല്ലതുമുണ്ടെങ്കിൽ അതു വെള്ളത്തിൽ കലങ്ങിപ്പോവുകയും ചെയ്യും. ഇങ്ങനെ കിട്ടുന്ന പൊടിയാണ് ചിമിഴിൽ കൊണ്ടുനടക്കുന്നത്. വാജീ കരണത്തെക്കുറിച്ചുള്ള പരാമർശവും ഈ ഗദ്യത്തിലുണ്ട്. 'അശ്വത' വ രുവാനുള്ള മരുന്ന്' എന്നു കവി പറയുന്നത് ഏതെങ്കിലും വാജീകര ണൗഷധമാവാനാണു സാധ്യത[13].

*ആലത്തൂർമണിപ്രവാളം*പോലുള്ള പ്രാദേശികഗ്രന്ഥങ്ങൾ അക്കാ ലത്തുതന്നെ ഒരു കാവ്യമീമാംസാചർച്ചയിൽ ഉദാഹരിക്കത്തക്ക പ്രാധാന്യം നേടിയിരുന്നു. *ഉണ്ണിയച്ചീചരിത*ത്തിലെ, 'സംസ്കൃതതമി ഴ്മയയോഗഗ്രന്ഥം' എന്നത് നാട്ടുവൈദ്യന്മാർ ആയുർവേദഗ്രന്ഥങ്ങളെ പ്രാദേശികവൽക്കരിച്ചതിന്റെ സൂചനയാണ്. ഈ കൃതികൾ മൂലകൃതി യുടെ വിവർത്തനരൂപങ്ങളോ അവയിൽനിന്ന് ആവശ്യത്തിനു തെര ഞ്ഞെടുത്ത യോഗങ്ങളുടേയോ ചികിത്സാതന്ത്രങ്ങളുടേയോ സ്വാംശീ കൃതരൂപങ്ങളോ ആവാം. ഇതിലെ തമിഴ്, ലീലാതിലകം പറയുന്ന മല നാട്ടുതമിഴാവാനേ വഴിയുള്ളൂ. നാട്ടുഭാഷാഗ്രന്ഥ ങ്ങളെ സാമാന്യമായി തമിഴ് എന്നും ഭാഷ എന്നുമാണ് ആധുനിക പൂർവഘട്ടങ്ങളിൽ പരാ മർശിച്ചു പോന്നിരുന്നത്. ഭാഷയെ ഒന്നുകൂടി തത്ഭവമാക്കി പച്ചയെന്നും പറഞ്ഞുപോന്നു. മറുനാട്ടറിവുകളെ സ്വാംശീകരിക്കാനുള്ള മുഖ്യമാർഗം അവയെ ഭാഷയാക്കുകയാണ്. ഈ വിഷയത്തിൽ മധ്യകാലകേരളീയ പണ്ഡിതന്മാർക്കു തെല്ലും അലംഭാവമുണ്ടായിരുന്നില്ല എന്നുവേണം മനസ്സിലാക്കാൻ.

മരുന്നു കുറിച്ചുകൊടുക്കാനുള്ള ഓലകളും നാരായവും വൈദ്യന്മാർ കൈവശംവച്ചിരുന്നു എന്ന ഒരു പ്രസ്താവനയും മുൻപുദ്ധരിച്ച പ്രക രണത്തിലുണ്ട്. ഇതിനെ, അങ്ങാടിവർണനകളിൽ നിരന്തരം ആവർ ത്തിച്ചു കാണുന്ന മരുന്നുകളുടെ വിവരണവുമായി ചേർത്തുവച്ചു വായി ക്കേണ്ടതാണ്. *അനന്തപുരവർണന*ത്തിൽ വിൽപ്പനക്കു വച്ച 'പൊത്ത

കം' (ശ്ലോ. 44) വൈദ്യന്മാർക്ക് മരുന്നു കുറിക്കാനുള്ള, പാകപ്പെടുത്തിയ താളിയോലക്കെട്ടാണോ? അഞ്ജനങ്ങളോ ഗുളികകളോ ചൂർണങ്ങളോ ഭസ്മങ്ങളോ വേണമെങ്കിൽ വൈദ്യന്മാർക്ക് കൈയിൽ കൊണ്ടുനടക്കാം. എന്നാൽ അപ്പപ്പോൾ തയ്യാറാക്കി ഉപയോഗിക്കേണ്ട കഷായങ്ങളുടേയും മുക്കുടികളുടേയും മറ്റും മരുന്നുകൾ പറമ്പിടകളിലോ അങ്ങാടികളിലോ മാത്രമേ കിട്ടൂ. അത് എഴുതിക്കൊടുത്താലല്ലേ ഉപയോക്താക്കൾക്കു തേടിപ്പിടിക്കാൻ പറ്റൂ.

ഔഷധപ്രയോഗം മാത്രമല്ല, വസ്തി, രക്തമോചനം, ശസ്ത്രക്രിയ തുടങ്ങിയവയും വൈദ്യഭാഷണങ്ങളിൽ പരാമൃഷ്ടങ്ങളാണ്. ഇത്തരം ചികിത്സാപദ്ധതികളുടെ പ്രചാരമാണല്ലോ ഇവിടെ സൂചിതം. വൈദ്യന്മാർ ശസ്ത്രക്രിയോപകരണങ്ങൾ പുല്ലുകൊണ്ടുണ്ടാക്കിയ സഞ്ചി (കവിളിക)കളിൽ കൊണ്ടു നടക്കുകയാണു പതിവെന്ന് ഉണ്ണിയച്ചീചരിതകാരൻ സൂചിപ്പിക്കുന്നു. അവ രക്തംപുരണ്ടവയാണെന്ന്, വൃത്തിഹീനമാണെന്ന്, കവി 'നസ്യം'പറയുന്നുമുണ്ട്. പിൽക്കാലത്ത് *ഭാഷാരാമായണംചമ്പു*വിൽ അസുവും വസുവും കൂടി മുടിക്കുന്ന വൈദ്യന്മാരെ വിമർശിക്കുന്നതു നോക്കുക (1982: 256). ഇതിനു ചാക്യാർക്കൂത്തിലും കൂടിയാട്ടത്തിലും കാണുന്ന വൈദ്യോപാലംഭവുമായി നാഭീനാളബന്ധമുണ്ടെന്നു കാണാം. *മന്ത്രാങ്ക*ത്തിൽ(1980) വൈദ്യന്മാരെ പരിഹസിക്കുന്ന രണ്ടു ചാക്യാർ ശ്ലോകങ്ങൾ ഇങ്ങനെയാണ്:

1. ദുർവൈദ്യനും യമനുമേകഗുണത്വമിത്ഥം
   സർവേ വദന്തി മമപക്ഷമിവണ്ണമല്ല
   കാലോയമാതുരജനസ്യ ഹരേദസൂനി
   വൈദ്യസ്ത്വസൂനി ച വസൂനി ച കൈക്കലാക്കും.

2. ദുഃസ്വാദുള്ളതു മറ്റവർക്കതിലതിൽ
   സ്വാദുള്ളതൊക്കെത്തനി-
   ക്കിത്ഥം ചെന്നു നടേ നിരസ്തകരുണം
   കൽപിച്ചു മര്യാദയും
   മിത്ഥ്യാവസ്തി പിടിച്ചു തത്വമറിയാതേ-
   കണ്ടു രോഗാതുരാൻ
   നിത്യം കൊന്നു മുടിച്ചു യാപന കഴിച്ചീടും
   ഭിഷഗ്ഭ്യോ നമഃ(പു. 116)

ഇങ്ങനെ ചാക്യാർസാഹിത്യത്തിൽ കാണുന്ന വൈദ്യോപാലംഭനങ്ങൾക്കു സമാന്തരമായി, അരവൈദ്യൻ ആളെക്കൊല്ലും, അഷ്ടാംഗ

ഹൃദയഹീനന്മാർ ചികിത്സിക്കും ചികിത്സയിൽ മഞ്ഞളെല്ലാം വയമ്പായി കർപ്പൂരം കൊടുവേരിയായി, ആയിരം കണ്ണുപൊട്ടിച്ചേ അരവൈദ്യ നാകൂ, വൈദ്യനു വൈദ്യനെ കണ്ടുകൂടാ തുടങ്ങിയ പഴഞ്ചൊല്ലുകളും ഇക്കാലങ്ങളിലും നാട്ടിൽ പ്രചരിച്ചുപോന്നതായിക്കരുതാം. ഇവയുടെ സംസ്കാരവും കവികളെ സ്വാധീനിക്കാൻ സാധ്യതയുണ്ടല്ലോ[14]. *ഉണ്ണുനീലിസന്ദേശ*ത്തിലെ, "ആർങ്ങാവെക്കാൾ നവരമയിരൂർ..." എന്ന ശ്ലോകത്തിലെ, "നമ്മോടു കേട്ടിട്ടാലത്തൂർക്കും ചില മുറിമരുന്നുണ്ടു കൈപ്പുണ്യമില്ല–", "ആർങ്ങാവിന്നുമൊഴിക്കരുതായിതു ഞാങ്ങളൊഴിച്ചേം.." തുടങ്ങിയ പ്രയോഗങ്ങൾ വൈദ്യന്മാർക്കിടയിലെ അസൂയയുടേയും (professional jealousy) കുശുമ്പിന്റേയുമൊക്കെ സൂചകങ്ങളാവാം.

*ഉണ്ണിയച്ചിചരിത*ാദികളിലോ *മന്ത്രാങ്ക*ത്തിലോ ഔഷധയോഗങ്ങളുടെ പേരുകളില്ല. എന്നാൽ മധ്യകാലചമ്പുക്കളിലേക്കെത്തുമ്പോൾ ഔഷധയോഗങ്ങളുടെ പേരുകൾതന്നെ വരുന്നുണ്ട്. *ഭാഷാരാമായണം ചമ്പു*വിലെ സീതാസ്വയംവരപ്രബന്ധത്തിലാണിതു കാണുന്നത്. അവിടെ വന്നുകൂടിയ നാനാദേശികളുടെ കൂട്ടത്തിലുള്ള വൈദ്യന്മാരെ പരിഹസിക്കുമ്പോൾ,

> കണ്ട മരുന്നു പറിച്ചുമിടിച്ചും കടുകടെയുള്ളതരഞ്ഞീലെ
> ന്നിട്ടിട യിലരച്ചും വാതദ്വേഷിണി പിത്തവി
> രോധിനി കഫവിധ്വംസിനി കല്യാണഘൃതം ധാന്വന്തര
> ഘൃതമായുഷ്യഘൃതം കാരസ്കരഘൃതമജരാതൈലം
> ദൃഷ്ടിരസായനമർശോനാശനമാന്ത്രകഷായം വൃഷ്യക
> ഷായം ബഹുവിധമിത്ഥം മറ്റുമൊരോരോ പേരും
> ചൊല്ലീ......ദുർവ്യാപാരം വിരവൊടുചെയ്തിട്ടസുവും
> വസുവും കൂടെ മുടിക്കും വൈദ്യകദംബം കുഹചന ഭാഗേ–
> (ഗദ്യം 3)

എന്നാണു കവി പറയുന്നത്. ഈ പ്രകരണത്തിൽ പ്രത്യക്ഷപ്പെടുന്ന ഔഷധങ്ങളുടെ പേരുകളിൽ കല്യാണഘൃതവും ധാന്വന്തരഘൃതവും സംഹിതകളിലുണ്ട്. എന്നാൽ മറ്റുള്ളവ പരിഹാസപ്പേരുകളാവാനാണു വഴി.

### ഭാഷണങ്ങൾ

ആളുകൾ കൂട്ടംചേരുന്ന ഇടങ്ങളാണ് വൈദ്യഭാഷണത്തിന്റെ വേദികൾ. രണ്ടു ധർമ്മങ്ങളാണ് ഇവയ്ക്കുള്ളത്. ഒന്ന്, വൈദ്യന്റെ ജ്ഞാനാധികാരത്തേയും മറ്റൊന്ന്, ചികിത്സാനുഭവത്തേയും അടയാളപ്പെടുത്തുന്നു.

*ഉണ്ണിയച്ചീചരിത*ത്തിലെ വൈദ്യഭാഷണങ്ങളിൽ തെളിയുന്നത് നാലു സംഹിതകളാണ്: *ചരകം, സുശ്രുതം, ഭേളം, അഷ്ടാംഗഹൃദയം*(വാഹടം). പത്തൊൻപതാം ഗദ്യത്തിലാണീ പരാമർശങ്ങൾ കടന്നുവരുന്നത്:

കൂടെച്ചൊല്ലാം വാഹടമി.....ക്കാണിപ്പുതു
സൗശ്രുതവിശ്രുതനെന്നറികെന്നെ...
ഭേളാർത്ഥമിടുംഞ്ചെമ്പേഴിക ഞാ-
നായുർവേദമറിഞ്ഞേൻ...

ഈ വിജ്ഞാനപ്രദർശനത്തിന്റെ കൂട്ടത്തിൽ അശ്വിനീദേവകൾക്ക് അദൃശ്യതയല്ലാതെ തന്നേക്കാൾ മറ്റു മഹത്വമൊന്നുമില്ലെന്നും താൻ ചികിൽസയിൽ ധന്വന്തരിയേക്കാൾ കേമനാണെന്നും ചിലർ വീമ്പിളക്കുന്നതും കേൾക്കാം. തന്റെ വൈദ്യവിധാനപടുത്വം കണ്ടിട്ട് ഇവിടത്തെ നാട്ടധികാരികൾ തന്നെ കുലഗുരുവിനു സമനായി കരുതുന്നുവെന്ന് ഒരുവൻ. മറ്റൊരുവൻ തട്ടിവിടുന്നത് കുറുമ്പ്രനാട്ടുടയവർ പല തവണയായി ആളെവിട്ടു വിളിപ്പിക്കുന്നു എന്നും അതുകൊണ്ടു താൻ വേഗം പോവുകയാണെന്നുമാണ്. താൻപോരിമയുടെ കൂട്ടപ്പൊരിച്ചിൽതന്നെ! ഈ വക വൈദ്യന്മാരെയാണ് കാലന്റെ കിങ്കരരെപ്പോലെ -കാലസ്യേവ ച കിങ്കരഭൂതാ- ഉള്ളവരെന്ന് കവി വിശേഷിപ്പിക്കുന്നത്. *മന്ത്രാ*ങ്കത്തിലെ വൈദ്യവിഡംബനവുമായി ഇതിനെ ഒന്നു ചേർത്തുവായിക്കാം. ചാക്യാർപ്രയോഗങ്ങളിൽ ചിലപ്പോൾ യമരാജസഹോദരനെന്നാണു വൈദ്യരെ വിളിക്കുക.

മണിപ്രവാളകൃതികളിലെ വൈദ്യഭാഷണങ്ങൾ പൂർണഭാഷണങ്ങളല്ല. പലർ കൂടിയിരുന്നു സംസാരിക്കുന്നതിൽനിന്നു ചില വാകൃങ്ങൾ മാത്രമാണവ. ഒരാശയം പൂർണമായി സംവേദനം ചെയ്യാനുദ്ദേശമില്ല. എന്താണ് ഇത്തരം സന്ദർഭങ്ങളിൽ ചർച്ചാവിഷയമാകുക? പൊതുവേ തന്റെ ശാസ്ത്രപരിചയവും ചികിത്സാനൈപുണ്യവും വിളംബരം ചെയ്യാനായിരിക്കും ഓരോ വൈദ്യനും താത്പര്യം. തെളിവെന്ന നിലയ്ക്ക് ഏതെങ്കിലും നാട്ടുമുഖ്യനെ ചികിത്സിച്ചത്, ആർക്കെങ്കിലും ശസ്ത്രകർമ്മം (surgery) നടത്തിയത് തുടങ്ങിയ കാര്യങ്ങൾ വിളിച്ചുപറയുകയുംചെയ്യും. ഈ ഭാഷണങ്ങൾ ഇവരുടെ പരസ്യപ്പലകകൂടിയാണ്. "പരദേശേപോയ് ചരകം കേട്ടേൻ" എന്നു പരദേശത്തുപോയി പഠിച്ചതിന്റെ കേമത്തം വിളമ്പുന്ന ഒരു വൈദ്യനെ *ഉണ്ണിയച്ചീചരിത*ത്തിൽ കാണാം(ഗദ്യം 19). മലനാട്ടിൽ ചരകത്തിനു പ്രചാരം കുറവാണെന്നല്ലേ സൂചന? ആലോചിക്കാവുന്നതാണ്. മറ്റൊരു വൈദ്യൻ പറയുന്നത് ഭേളസംഹിത വ്യാഖ്യാനിക്കാമെന്നാണ്-"ചെമ്പേഴിക ഞാൻ ഭേളാർത്ഥമി

ടും". ഭേളസംഹിതയാണു പരാമൃഷ്ടവിഷയം. മേൽപ്പറഞ്ഞ ചെമ്പേഴിക, ഭേളസംഹിതയുടെ ഒരു വ്യാഖ്യാനമാണെന്ന് എൻ. ഗോപിനാഥൻനായർ പറയുന്നുണ്ട് (2005:155)

ഭേളൻ കീഴ്ജാതിക്കാരനാവണമെന്നും അതുകൊണ്ടാവാം, ഉത്തരേന്ത്യക്കാർ ഭേളനെ തമസ്കരിച്ചതെന്നുമാണ് എൻ.വി.കെ.വാരിയരുടെ വാദം(2002: 552-53). എന്നാൽ കേരളീയവൈദ്യന്മാർക്ക് ഭേളന്റെ തന്ത്രങ്ങൾ സ്വീകാര്യമായിരുന്നുവെന്നും വാരിയർ തുടരുന്നു. അങ്ങനെയെങ്കിൽ ഭേളസംഹിതയ്ക്ക് ഉണ്ണിയച്ചീചരിതകാലത്തുമുണ്ടായിരുന്ന സ്വീകാര്യതയുടെ സൂചകമല്ലേ ഈ പരാമർശം. വിജ്ഞാനത്തെ വൈദികമെന്നോ ബൗദ്ധമെന്നോ ഇതരമെന്നോ ഉള്ള വ്യത്യാസമില്ലാതെ യുക്ത്യധിഷ്ഠിതമായി സ്വീകരിക്കാൻ കഴിഞ്ഞവരായിരുന്നു കേരളീയവൈദ്യത്തിന്റെ പൂർവപിതാക്കളെന്ന് എൻ.വി.കെ. സൂചിപ്പിക്കുന്നു. കേരളത്തിലെ അഷ്ടവൈദ്യന്മാർ പ്രാമാണികഗ്രന്ഥമായി കണക്കാക്കുന്നതാണ് അഷ്ടാംഗഹൃദയം. ഇക്കാലത്തേയ്ക്ക് ആയുർവേദമെന്ന പേരു തന്നെ ചികിത്സാശാസ്ത്രമെന്ന നിലയ്ക്ക് നാട്ടിൽ പ്രചരിച്ചതിനും *ഉണ്ണിയച്ചീചരിതം* സാക്ഷ്യം വഹിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ പതിന്നാലാംനൂറ്റാണ്ടെത്തുമ്പോഴേക്ക് ആലത്തൂർമണിപ്രവാളംപോലുള്ള കൈപ്പുസ്തകങ്ങൾ രൂപപ്പെടാനുള്ള ചരിത്രപശ്ചാത്തലത്തിന്റെ ഒരു ദിങ്മാത്രപ്രദർശനമാണിതെന്നു പറയാം.

മണിപ്രവാളകൃതികളിൽ വിമർശനവിധേയരാവുന്ന ഈ വൈദ്യന്മാരെ കവികൾ കണ്ടിരുന്നതും അത്ര കേമന്മാരെന്ന നിലയ്ക്കല്ല. ദുർവൈദ്യന്മാരെന്ന് *ഉണ്ണുനീലിസന്ദേശ*ത്തിൽ ഇക്കൂട്ടരെ വിമർശിക്കുന്നതു നോക്കുക:

> ആർങ്ങാവേക്കാൾ നവരമയിരൂർനന്റു നമ്മോടു കേട്ടി-
> ട്ടാലത്തൂർക്കും ചിലമുറിമരുന്നുണ്ടു; കൈപ്പുണ്യമില്ല;
> മാരച്ഛത്രം മനസിജമലക്കൊട്ടു നീണ്ടിട്ടു മൂർന്നേൻ;
> ഇത്ഥം തസ്യാം ചിലതുടനഴക്കിന്റു ദുർവൈദ്യവൃന്ദം
>
> (ഉത്തരസന്ദേശം, 13)

'കവിയുടെ സാമൂഹ്യവിമർശന'മെന്നു, പറഞ്ഞു പഴകിയ, മേൽപ്പുതപ്പു മാറ്റുക. ഇതിന്നകത്ത് കേരളത്തിലെ വൈദ്യശാസ്ത്രപ്രചാരത്തിന്റെ ചിഹ്നങ്ങളാണുള്ളതെന്നു കാണാം. എങ്ങനെ? ഇവിടെ ആദ്യം ഇഴപേർന്നുകിട്ടുന്നത് മൂന്നു വൈദ്യകുടുംബങ്ങളുടെ പേരുകളാണ്; ആർങ്ങാവ്, അയിരൂർ, ആലത്തൂർ. അഷ്ടവൈദ്യന്മാരിൽ പ്രമുഖരാണ്

ആലത്തൂർ(ആലത്തിയൂർ)നമ്പിമാർ; ഐതിഹ്യങ്ങളിലൂടെ ഏറെ പ്രസി ദ്ധരുമാണ്. മലയാളികളുടെ മുത്തശ്ശിക്കഥകളിലൂടെ പല നൂറ്റാണ്ടുകൾ പകർന്ന് കൈമാറിപ്പോന്നവയാണ് അവരുടെ ചികിത്സാവൈഭവത്തിന്റെ പെരുമ. തക്ഷകനെ ചികിൽസിച്ചതും അശ്വനീദേവകൾ വൈദ്യം പഠി ക്കാനെത്തിയതുമായ കഥകൾ നമ്പിമാർക്ക് ഒരലൗകികപ്രഭ നൽകു ന്നുണ്ട്. ഈ പേരിനേയും പ്രതിഭയേയും വായാടിത്തംകൊണ്ടു മറിക ടക്കാൻ ശ്രമിക്കുന്ന ഏതോ ചെറുകിട നാട്ടുവൈദ്യന്മാരെയാണു കവി ദുർവൈദ്യവൃന്ദമെന്നു വിളിക്കുന്നത്. പ്രമാണപ്പെട്ടതിനെ മറികടന്നാൽ കൂടുതൽ ശ്രദ്ധകിട്ടുമല്ലോ. *ഉണ്ണിയച്ചീചരിത*ത്തിലുംമറ്റും കാണുന്ന ആൾക്കൂട്ടങ്ങളിലെ ഒരു കൂട്ടർ മേൽപറഞ്ഞ മുറിവൈദ്യന്മാരാണ്. ചികിത്സ, ഒരു വരുമാനമാർഗമാവുന്നിടത്തോളം പ്രചാരംനേടിയെന്ന് ഈ പ്രകരണങ്ങളെ മുൻനിർത്തി രാഘവവാരിയർ നിരീക്ഷിക്കുന്നുണ്ട് (2009: 37).

ആർങ്ങാവിന്റെ വൈദ്യശാസ്ത്രനൈപുണി മറ്റൊരിടത്തും ചർച്ച യാവുന്നുണ്ട്. "ആർങ്ങാവിന്നുമൊഴിക്കരുതായിതു ഞാങ്ങളൊഴിച്ചേം" (*ഉണ്ണിയച്ചീചരിത*തം, ഗദ്യം 19) എന്നാണാപ്രയോഗം. തീർച്ചയായും ഇവിടെ 'ഞാങ്ങളുടെ ഒഴിക്ക'ലിന് പ്രകരണത്തിൽ പ്രസക്തിയുണ്ട്. എന്നാൽ ഈ ഒഴിക്കലിനേക്കാൾ തിളക്കം ആർങ്ങാവിന്റെ ശാസ്ത്ര വിദ്യാപാരമ്പര്യത്തിന്നാണ്. അതായത്, ആർങ്ങാവാണ് നിലവാരം, മാന ദണ്ഡം. കവിയുടെ ലക്ഷ്യത്തിൽ ചിലപ്പോൾ അതുംകൂടിയുണ്ടാവാം.

മധ്യകാലത്തോടെ നാട്ടിൽ പ്രചരിച്ച ചികിത്സാരീതികളെക്കുറി ച്ചുള്ള പരാമർശങ്ങളും ഭാഷണങ്ങളിലുണ്ട്. ഇതിലൊന്നു കായകൽപ ചികിത്സയെക്കുറിച്ചാണ്. ഔഷധപ്രയോഗംകൊണ്ട് ജരാനരകൾ മാറ്റി ശരീരം പൊന്നുപോലെയാക്കാമെന്ന് ഒരു വൈദ്യൻ പറയുന്നു (*ഉണ്ണി യച്ചി.*, ഗദ്യം19). അക്കാലത്ത് കേരളത്തിലും സുഖചികിത്സയ്ക്കു കൈ വന്ന പ്രാമാണ്യത്തിന്റെ സൂചനയാണിത്. ഇതിന്റെ പ്രായോജകർ സമൂ ഹത്തിലെ മേലേക്കിടക്കാരായിരിക്കുമല്ലോ. മറ്റൊന്ന് അർശോരോഗ ചികിത്സയാണ്. മൂലവഴുതി(അലക്കുചേര്)യാണ് ഔഷധമായി നിർദ്ദേ ശിക്കുന്നത്. ഇക്കാര്യത്തിൽ തർക്കമില്ലെന്നാണു വൈദ്യഭാഷ്യം. ചികി ത്സാനുഭവത്തിനു പകരം വയ്ക്കാൻ മറ്റൊന്നില്ലല്ലോ. അതിവിടയം അകത്ത്, അതിസാരം പുറത്ത്; ചുക്കില്ലാത്ത കഷായമില്ല തുടങ്ങിയ പഴമൊഴികളിൽ തെളിയുന്നതും കേരളത്തിന്റെ ഈ വൈദ്യശാസ്ത്ര പാരമ്പര്യത്തിന്റെ ആഴമാണ്.

കേരളത്തിലെ വൈദ്യസാഹിത്യത്തെ മൂന്നുവിഭാഗങ്ങളായിത്തി

രിക്കാമെന്ന് എൻ. വി, കൃഷ്ണൻകുട്ടിവാരിയർ കരുതുന്നു(2013: 490):

1. മൂലഗ്രന്ഥങ്ങളുടെ വ്യാഖ്യാനങ്ങളും അവയിലെത്തന്നെ പ്രതിപാദ്യത്തെ ഉപജീവിച്ചെഴുതിയ സ്വതന്ത്രകൃതികളും.
2. നാട്ടിൽ നടപ്പുള്ളവയും പലവൈദ്യന്മാരും പലപ്പോഴും കുറിച്ചുവച്ചവയുമായ ഔഷധച്ചാർത്തുകളുടേയും ക്രിയാമാർഗങ്ങളുടേയും സമാഹാരങ്ങൾ.
3. ആധുനികശാസ്ത്രത്തിന്റെ വളർച്ചയ്ക്കുശേഷമുണ്ടായിട്ടുള്ള നൂതനകൃതികൾ.

ഇവയിൽ രണ്ടാമത്തെവകുപ്പിലാണ് *ആലത്തൂർമണിപ്രവാള*മെന്നുപറയാം. സിദ്ധാന്തവും പ്രയോഗവും ഒരുപോലെ ചേർന്നതാണ് ഇതിലെ ചികിത്സാവിധികൾ.

**ആലത്തൂർമണിപ്രവാളം**

പ്രാദേശികഭാഷയിലെ സാഹിത്യസമൃദ്ധിയേയും വൈഷണികസമ്പത്തിനേയും കുറിച്ചുള്ള ആദ്യസൂചനകൾ ലഭിക്കുന്നത് *ലീലാതിലക*ത്തിൽ നിന്നാണ്. മണിപ്രവാളം എങ്ങനെയായിരിക്കണമെന്ന വിവരണത്തിന്നിടയിലാണ് *ആലത്തൂർമണിപ്രവാളം* കടന്നുവരുന്നത്. ആലത്തൂർമണിപ്രവാളത്തിലും മറ്റും രസികന്മാരെ രസിപ്പിക്കത്തക്കവിധമുള്ള ഭാഷാസംസ്കൃതയോഗമില്ലല്ലോ. രസാഭാവംതന്നെ കാരണം. ചികിത്സാരീതികളും മറ്റും വിവരിക്കുന്നതിൽ എന്തു രസമാണുള്ളത്? മണിപ്രവാളം രസവത്തായിരിക്കണമല്ലോ എന്ന പൂർവപക്ഷത്തിൽനിന്നാണ് ആദ്യമായി ആ പേര് ചരിത്രത്തിലിടം പിടിക്കുന്നത്. കേരളഭാഷാസംസ്കൃതങ്ങളുടെ സഹൃദയഹൃദയാഹ്ലാദകമായ ചേർച്ചയാണ് മണിപ്രവാളമെന്നാണു ലക്ഷണകൽപന. ഇതിനെ വിമർശിക്കുമ്പോഴാണ് പൂർവപക്ഷം ആലത്തൂർഗ്രന്ഥം പരാമർശിക്കുന്നത്. ഇവിടെയൊന്നു സൂക്ഷിച്ചു നോക്കുക. മണിപ്രവാളമെന്ന പേരിന്ന് അക്കാലത്തേക്കു കിട്ടിയ സ്വീകാര്യത, സാഹിത്യേതരവിഷയങ്ങൾ മണിപ്രവാളശൈലിയിൽ എഴുതിവരുന്നതിന്റെ ചരിത്രം, ശാസ്ത്രഗ്രന്ഥങ്ങളിലും മറ്റും രസാന്വേഷണം നടത്തുന്നതിലെ അപാകത, ഈ വൈദ്യശാസ്തകൃതിക്ക് മധ്യകാലകേരളത്തിലുണ്ടായിരുന്ന പ്രാമാണികത, ഒരു പ്രാദേശികവൈദ്യകുടുംബത്തിന്റെ പേരിൽ ഒരു ശാസ്ത്രരചനയ്ക്കു കിട്ടുന്ന പ്രസിദ്ധി, സർവോപരി, ശാസ്ത്രത്തിന്റെ പ്രാദേശികവൽക്കരണം തുടങ്ങിയ ആശയങ്ങൾ ചിനപ്പുപൊട്ടി തെഴുത്തുവരുന്നതുകാണാം. പ്രാദേശികഭാഷകൾ സ്വത്വമാർജ്ജിക്കുന്നതോടെ സ്വാഭാവിക

മായും അതതുനാടുകളിലെ ശാസ്ത്രപഠനത്തിന്റെ ഭാഷ അവിടങ്ങളിലെ ഭാഷയാവുമെന്ന് എം.ആർ. രാഘവവാരിയർ നിരീക്ഷിച്ചിട്ടുണ്ട്(2002: 12-13) ഇവിടെനിന്നുകൊണ്ടുവേണം *ആലത്തൂർമണിപ്രവാളത്തിലേക്കും* മണിപ്രവാളത്തിലെ മറ്റു ശാസ്ത്രകൃതികളിലേക്കും ഒന്നു തിരിഞ്ഞുനോക്കാൻ.

പതിന്നാലാം ശതകത്തിൽ *ലീലാതിലകം* പരാമർശിച്ചതാണെങ്കിലും ഈ കൃതിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ അടുത്തകാലം വരെ ലഭ്യമായിരുന്നില്ല. പദ്യരൂപമാണു കൃതിക്ക്. 294 പൂർണശ്ലോകങ്ങളും 28 അപൂർണശ്ലോകങ്ങളുമാണ് ഇപ്പോൾ കൈവന്ന ഗ്രന്ഥത്തിലുള്ളത്. തുടക്കം എങ്ങനെയായിരുന്നുവെന്നറിയാൻ മാർഗമില്ലെന്നു പ്രസാധകൻ പറയുന്നു(2009: 10-11). ഇപ്പോഴത്തെ ഗ്രന്ഥം തുടങ്ങുന്നത് ശൂലചികിൽസയിലുപയോഗിച്ചുപോന്ന,

കടലാടികഴച്ചിലാവിൽ വീഴാ-
ത്തളിരൊടെ വിമലിക്കുരുന്നരെത്വാ
കടുവുപ്പയമോദകഞ്ച ചുക്കും
പിബതാ മൊരിൽ വിനാശമെതി ശൂലം(1)

കടലാടി, കഴഞ്ചിവേര്, ആവിൽത്തോൽ, വിഴാൽത്തളിര്, ചർമലന്തത്തളിര്, കുരുമുളക്, ഇന്തുപ്പ്, അയമോദകം, ചുക്ക് ഇവ അരച്ച് മോരിൽ കലക്കി കുടിച്ചാൽ ശൂല ശമിക്കും എന്നർത്ഥം വരുന്ന ഒരു ശ്ലോകത്തോടെയാണ്. എങ്കിലും ഇതാണാദ്യത്തേതെന്നുറപ്പിക്കാനാവില്ല. അനുഷ്ടുപ്പ്, ആര്യ, ഗീതി, വസന്തതിലകം, മാലിനി, സ്രഗ്ധരാ തുടങ്ങിയ പ്രസിദ്ധവൃത്തങ്ങളിലാണ് ശ്ലോകങ്ങളുടെ രചന. മലയാളവും സംസ്കൃതവും പലമട്ടിൽ ചേരുന്ന മണിപ്രവാളമാണ് ഇതിലെ ഭാഷ.

പഴുത്ത പെരാലിലചന്ദനദ്വയം
വയമ്പുഗൊരോചനകൊട്ടമെന്റിവ
മുഖാംബുജെ പാലിലരച്ചുപൂയിനാൽ
ചുണങ്ങുകാരെൾകരിവംങൊഴിഞ്ഞുപോം (146)
കുങ്കുമഞ്ചന്ദനദ്രാക്ഷാ
മഞ്ജിഷ്ഠാ മധുയഷ്ടികാ...
അജാക്ഷീരം ദ്വിഗുണിതം
ശനൈർമൃദ്വഗ്നിനാ ഭിഷക് (291-94)

എന്നമട്ടിൽ മലയാളത്തനിമയേറിയ രചനയും തനിസ്സംസ്കൃതത്തിലുള്ള രചനയും ഇതിലുണ്ട്. മധ്യകാലകേരളത്തിൽ പരക്കേ കണ്ടുവ

രുന്ന രോഗങ്ങൾക്കുള്ള ചികിത്സാവിധികളാണ് ഇതിലുള്ളത്. ശൂല, ഗുന്മം, അഗ്നിമാന്ദ്യം, പ്രമേഹം, മൂത്രകൃച്ഛ്രം, കുഷ്ഠം, ക്ഷയം, കാസം, പീനസം, ദന്തരോഗങ്ങൾ, കർണരോഗങ്ങൾ, പാണ്ഡുരോഗം, ആന്ത്ര വൃദ്ധി, പലതരം വാത-പിത്ത-കഫ രോഗങ്ങൾ, ജ്വരങ്ങൾ, വ്രണങ്ങൾ, ലിംഗരോഗങ്ങൾ, പലതരം ത്വഗ്രോഗങ്ങൾ, മുഖരോഗങ്ങൾ, വസൂരി, നേത്രരോഗങ്ങൾ, അതിസാരങ്ങൾ, ഭഗന്ദരം, മഞ്ഞപ്പിത്തം, ഗ്രഹണി, അർശസ്സ് തുടങ്ങിയ വയ്ക്കുള്ള ഗുളികകളും കഷായങ്ങളും തൈല ങ്ങളും മറ്റുമാണു ചർച്ചചെയ്യുന്നത്. ഔഷധങ്ങൾ, യോഗവിധി, ഫലം എന്നിവയും ശ്ലോകങ്ങളിൽ പരാമർശിക്കുന്നു.

ശാസ്ത്രഗ്രന്ഥങ്ങളിൽ പതിവുള്ള അധ്യായവിഭജനമൊന്നും ലഭ്യ മായ കൃതിയിലില്ല. ഇന്ന രോഗചർച്ചയ്ക്കുശേഷം ഇന്നതെന്നമട്ടിലു ള്ള- ശിരോരോഗപ്രകരണം, കണ്ഠരോഗപ്രകരണം തുടങ്ങിയ- ക്രമവും കാണുന്നില്ല. അസാധാരണമായ ചികിത്സാനൈപുണ്യമുണ്ടായിരുന്ന ആലത്തൂർ നമ്പിമാരുടെ കൈപ്പുസ്തകമെന്ന നിലയ്ക്കാണ് അതിന്റെ മൂല്യം. അത്തരമൊന്നിൽ അധ്യായവിഭജനമോ ചികിത്സയിലെ ഏതെ ങ്കിലും ക്രമമോ പ്രസക്തമാവില്ലല്ലോ. ഔഷധനിർമ്മാണത്തെപ്പറ്റിയും പറഞ്ഞുകാണുന്നു. വീട്ടിൽത്തന്നെയുണ്ടാക്കി അപ്പപ്പോഴത്തെ ആവ ശ്യത്തിന്നുപയോഗിക്കുന്ന ഗൃഹ വൈദ്യത്തിന്റെ സ്വഭാവമാണ് ഇതിലെ ഔഷധകൽപനകൾക്കെന്നു രാഘവവാരിയർ പറയുന്നുണ്ട്. എന്നാൽ അങ്ങാടിമരുന്നുകൾക്കുള്ള പ്രാധാന്യം കുറയുകയുമില്ല (2009: 19). മണി പ്രവാളകൃതികളിലെ അങ്ങാടിച്ചരക്കുകളുടെ കൂട്ടത്തിൽ വിവരിച്ചുകാ ണുന്ന മരുന്നുകളുടെ പേരുകൾ ഇവിടെ ഓർക്കുക. മേലുദ്ധരിച്ച ശ്ലോക ങ്ങളിൽ കാണുന്ന ഇന്തുപ്പ്, അയമോദകം, പിപ്പലി, ജീരകം, കുങ്കുമം, ദ്രാക്ഷാ തുടങ്ങിയവയെല്ലാം മറുനാട്ടുൽപ്പന്നങ്ങളാണ്. ചുക്ക്, ചന്ദനം, വിഴാൽത്തളിര് തുടങ്ങി നാട്ടിൽ കിട്ടുന്ന മരുന്നുകളുമുണ്ട്. അതതു രോഗങ്ങൾക്കുള്ള ഔഷധപ്രയോഗവും അതിന്റെ ഫലശ്രുതിയുമെന്ന മട്ടിലാണു കൃതിയുടെ സാമാന്യഘടന. ചിലത് അതീവ രഹസ്യമായ യോഗമെന്ന മട്ടിലാണ് അവതരിപ്പിക്കുന്നത്:

> കായം കണാ സൈന്ധവമേഴുകാണം
> ഹരീതകീമൊൻപതു കാണമാക്കി
> അരെച്ചു വെന്നീരിലതീവപീതം
> ശൂലേതി തീവ്രേ ഭിഷജാം രഹസ്യം (15)

കായം, കണ(തിപ്പലി), ഇന്തുപ്പ് ഇവ ഏഴു കാണം വീതം, ഹരീത കി(കടുക്ക) ഒൻപതുകാണം ഇവ അരച്ച് വെന്നീരിൽ(തിളച്ച/ചൂടുള്ള

വെള്ളത്തിൽ) കുടിച്ചാൽ കഠിനമായ ശൂലയും മാറുമെന്നത് വൈദ്യന്മാ രുടെ രഹസ്യമത്രേ! രഹസ്യയോഗമെന്നാണു വയ്പ്. ആയുർവേദത്തിൽ രഹസ്യങ്ങളില്ല. കാരണം, വൈദ്യന്മാർക്കു സുപരിചിതങ്ങളായ സംഹി താഗ്രന്ഥങ്ങളിലൂടേ പ്രചരിച്ചുപോന്നവയാണ് ഈ ശാസ്ത്രത്തിലെ യോഗങ്ങൾ. കാലോചിതമായി ഗ്രന്ഥങ്ങൾക്കു പുതിയ വ്യാഖ്യാന ങ്ങളോ പ്രതിസംസ്കരണങ്ങളോ(പരിഷ്കരണങ്ങൾ) ഉണ്ടാവാം. എന്നാൽ രഹസ്യാത്മകതയുടെ പ്രശ്നമില്ല. അതേസമയം ഇവയ്ക്കു സമാന്തരമായി 'കൈകണ്ട യോഗ'ങ്ങൾ പല പ്രദേശങ്ങളിലും വൈദ്യ ന്മാരുടെയിടയിൽ നടപ്പുണ്ടുതാനും[15]. ഇവയോ? കൈയാളുന്നവർക്കൊ ഴികെ എല്ലാ വൈദ്യന്മാർക്കും അറിവുണ്ടാവുകയുമില്ല. ഇവയുടെ സ്ഥാനം, സംഹിതകൾക്കു പുറത്താണ്. ശാസ്ത്രത്തിന്റെ പ്രാദേശിക വഴക്കങ്ങളാണ്, സൂക്ഷ്മചികിത്സാനുഭവങ്ങളാണ് ഇത്തരം യോഗങ്ങ ളിൽ അടയാളപ്പെട്ടുകിടക്കുക[16]. നാട്ടുചികിത്സയിലൂടെ കേളികേട്ട യോഗ ങ്ങളേയും *ആലത്തൂർമണിപ്രവാളം* പരിഗണിക്കുന്നതുകാണാം:

തൈലം വിപക്വമൊരുപൊൽ പടവാർത്ത കെട്ടെൻ
പൽതാൻ പറഞ്ഞവയുമൂന്റിയുറയ്ക്കുമെന്റ് (81)

ഇളകിയ പല്ല് ഉറയ്ക്കുന്നതിനുള്ള ഒരു യോഗത്തിന്റെ ഉത്തരാർദ്ധത്തി ലാണ് നാട്ടുവർത്തമാനം കേട്ടു എന്നു പറഞ്ഞിട്ടുള്ളത്. അത്രയേറെ ജനകീയമോ ജനപ്രിയമോ ആയ യോഗമായിരിക്കണം ഇത്. നാട്ടറി വിന്റെ സ്വാഭാവികതയും പ്രയോജനക്ഷമതയുമാണ് ഇവിടെ തെളി വോലുന്നത്. എന്നാൽ *ആലത്തൂർമണിപ്രവാള*ത്തിലേതു മുഴുവനും പ്രാദേശികമാണെന്നു പറയാനാവില്ല. സംഹിതാഗ്രന്ഥങ്ങളിലെ ഔഷ ധദർശനം ഈ കൃതിയിൽ നേരിട്ടോ പരിവർത്തിതങ്ങളായോ കിടക്കു ന്നതുകാണാം[17]. അവയുടെ താരതമ്യം പക്ഷേ, ഈ പ്രബന്ധത്തിന്റെ പരിധിയിലൊതുങ്ങില്ല.

ഏതൊരറിവും പ്രചരിച്ചും പ്രയോഗിച്ചും പോരുമ്പോൾ കാലദേശാ നുസൃതമായി അതിൽ പരിഷ്കാരങ്ങൾ ഏർപ്പെടുത്തേണ്ടിവരും. മണ്ണും കാലാവസ്ഥയും മാറുമ്പോൾ അതാതിടത്തെ രോഗങ്ങളെ നേരിടാൻ ഔഷധതന്ത്രങ്ങൾ പുതുക്കേണ്ടിവരും. ഇവ വൈദ്യന്റെ നെടുനാളത്തെ ചികിത്സാപരിചയത്തിന്റെ ഫലമായിട്ടാണു തെളിഞ്ഞുകിട്ടുക. ഒരർത്ഥ ത്തിൽ വൈദ്യതന്ത്രത്തിലെ മനോധർമംതന്നെ. ഇങ്ങനെ ശാസ്ത്ര ത്തിന്നകത്തു കടന്ന് മാറ്റങ്ങൾ വരുത്താനുള്ള തന്റേടം കാണിക്കുന്നത് ശാസ്ത്രവിഷയങ്ങളിലുള്ള അവഗാഹവും അവയുടെ മേലുള്ള അധി കാരവുമാണെന്നുംകൂടി രാഘവവാരിയർ നിരീക്ഷിക്കുന്നുണ്ട് (2009:18).

പലപ്പോഴും അതതു നാടുകളിലെ വൈദ്യന്മാരെക്കുറിച്ച് അതിശയോക്തികളായി പ്രചരിക്കുന്ന പല കഥകളുടെയും പശ്ചാത്തലം ഇവയുടെ ഉപലബ്ധിയത്രേ. ആലത്തൂർ നമ്പിമാരുടേയുംമറ്റും കഥകൾ ഇന്നും പഴമക്കാരുടെ നാക്കിൻതുമ്പത്തുണ്ടല്ലോ.

ആയുർവേദം യുക്തിവ്യപാശ്രയമാണ്. യുക്തിയെ ആധാരമാക്കി പ്രവർത്തിക്കുന്നതെന്നർത്ഥം. ദ്രവ്യഗുണാധിഷ്ഠിതമാണ് ഔഷധകൽപനകൾ. അതിനാൽ ആയുർവേദത്തിന്റെ മുഖ്യധാരയിൽ മന്ത്രചികിത്സയില്ല. അതുകൊണ്ടാവാം *ആലത്തൂർമണിപ്രവാള*ത്തിലും അതില്ല. എങ്കിലും ശ്ലോകം 115–ൽ മന്ത്രങ്ങളുടേയും ഔഷധികളുടേയും ബലം അചിന്ത്യമാണ്–"ചിന്തിപ്പാൻപണിയെന്റു കേൾപ്പിതുമണെ മന്ത്രൗഷധീനാം ബലം" എന്നൊരു പരാമർശമുണ്ട്. മന്ത്രതന്ത്രാദികളിൽ വിശ്വാസമുണ്ടായിരുന്ന ഒരു കാലഘട്ടത്തിൽ ഇങ്ങനെ പറയുന്നതു സ്വാഭാവികം.

ആധുനികമെന്നവകാശപ്പെടാവുന്ന *ചികിത്സാമഞ്ജരി*, *സഹസ്രയോഗം* തുടങ്ങിയ ആയുർവേദഗ്രന്ഥങ്ങളിൽ പലയിടത്തും *ആലത്തൂർമണിപ്രവാള*ത്തിലെ യോഗങ്ങൾ അതേപടിയോ ഈഷദ്ഭേദത്തോടെയോ ചേർത്തുകാ ണുന്നത് ഈ ഗ്രന്ഥത്തിന്റെ പ്രാമാണികതയ്ക്കും പ്രചാരത്തിന്നും തെളിവാണെന്ന് പ്രസ്താവനയിൽ പി. കെ വാരിയർ നിരീക്ഷിക്കുന്നു(2009: 7). നിലവാരപ്പെട്ടതിനെ കണ്ടില്ലെന്നുവയ്ക്കാൻ ആർക്കുമാവില്ലല്ലോ. ഈ യോഗങ്ങൾ ഗ്രന്ഥത്തിൽനിന്നു നേരിട്ടു പകർന്നതാവണമെന്നില്ല, നമ്പിമാർക്കു ശിഷ്യപ്പെട്ട ഏതെങ്കിലും വൈദ്യന്മാരുടെ ഓർമകളിൽനിന്നും വന്നതതുമാവാം. വൈദ്യത്തിൽ ഗ്രന്ഥജ്ഞാനത്തോളംതന്നെ വിലപ്പെട്ടതാണു പ്രയോഗവും പരിചയവും. ഏതെങ്കിലും വൈദ്യന്മാർ കുറേക്കാലത്തെ ചികിത്സാനുഭവങ്ങൾക്കിടയിൽ പ്രഭവമേതെന്നോർക്കാതെ സ്വന്തം കൃതികളിലോ വ്യാഖ്യാനങ്ങളിലോ ഇവ എടുത്തുചേർക്കുന്നത് അക്കാലത്തൊന്നും ആശയചോരണമായി ഗണിച്ചിരുന്നില്ല. ജ്ഞാനം ചിലരുടെ കുത്തകയായിത്തീരുന്ന പദ്ധതി അക്കാലങ്ങളിലുണ്ടായിരുന്നില്ലല്ലോ.

ശാസ്ത്രങ്ങളുടെ പ്രാദേശികവൽക്കരണത്തെക്കുറിച്ചു മുൻപു പറഞ്ഞതോർക്കുക. *ആലത്തൂർ മണിപ്രവാള*വും ഇതിന്നൊരുദാഹരണമാണ്. ഇതിലെ ഔഷധയോഗങ്ങളിൽ കേരളത്തിന്റെ തനിമ കാണാമെന്ന് രാഘവവാരിയർ നിരീക്ഷിച്ചിട്ടുണ്ട്:

> ....മരുന്നുകളുടേയും മറ്റും കൂട്ടത്തിൽ കേരളത്തിന്റെ പ്രത്യേകമായ ചില ദ്രവ്യങ്ങൾ കൂടിച്ചേരുന്നതു ശ്രദ്ധേയമാണ്.

ഉദാഹരണം വെളിച്ചെണ്ണ. ജീവിതപരിസരങ്ങൾക്കൊത്ത് അതിജീവനതന്ത്രങ്ങളിൽ മനുഷ്യൻ വരുത്തുന്ന മാറ്റങ്ങൾക്ക് ഉത്തമോദാഹരണങ്ങളാണു മുൻപു കണ്ടിട്ടില്ലാത്തതും പ്രയോഗത്തിലില്ലാത്തതുമായ ഇത്തരം വസ്തുക്കളുടെ പ്രചാരം(2009:17–18)

കേരളീയയമായ തൈലയോഗങ്ങളിൽ വെളിച്ചെണ്ണ ധാരാളമായി വരുന്നുണ്ട്. എന്നാൽ ഔത്തരാഹഗ്രന്ഥങ്ങളിൽ വെളിച്ചെണ്ണയുടെ പ്രയോഗമില്ല[18]. നീലിഭൃംഗാദി വെളിച്ചെണ്ണ, ചെമ്പരത്യാദി വെളിച്ചെണ്ണ, പാരന്ത്യാദി വെളിച്ചെണ്ണ, കഞ്ഞിക്കൂർക്കലാദി തൈലം തുടങ്ങിയ കേരളീയ യോഗങ്ങൾ ഇതിന്റെ തെളിവുകളത്രേ. സഹസ്രയോഗത്തിലും മറ്റും കാണുന്ന കിര്യാത്തു ജീരകാദിഗുളിക, ചുക്കുംതിപ്പല്യാദിഗുളിക, ആർമൊട്ടാദി കഷായം, നെല്ലിക്കാദി ചൂർണം, പുളിങ്കുഴമ്പ്, തെങ്ങിൻപൂക്കുലാദിഘൃതം, നാളികേരഘൃതം തുടങ്ങിയവയും പൂർണമായും കേരളീയയോഗങ്ങളാണ്. ഇവയുടെ പേരുകളിലെ മലയാളിത്തം, പോരാ മണിപ്രവാളത്തം, ശ്രദ്ധിക്കുക.

വൈദ്യവിജ്ഞാനം പ്രാദേശികമായിത്തീർന്നതിനു വേറേയും തെളിവുകളുണ്ട്. കേരളീയൗഷധയോഗങ്ങളിൽ പരക്കേ ഉപയോഗിച്ചുവരുന്ന പല ഔഷധസസ്യങ്ങളും വടക്കന്മാർക്കറിയില്ലെന്ന് എൻ. വി.കെ. വാരിയർ നിരീക്ഷിച്ചിട്ടുണ്ട് (2013: 482–83). ശാസ്ത്രത്തിന്നകത്തുതന്നെ, ഒരേ പേരിൽ രണ്ടു സസ്യങ്ങൾ പ്രചരിക്കുന്നതും കാണാം. ഉദാഹരണത്തിന്, ബ്രഹ്മി- കേരളത്തിൽ പരക്കേ ബ്രഹ്മി (Bacopa monnieri)യെന്നു വിളിപ്പെട്ട സസ്യമല്ല മറിച്ച്, സംസ്കൃതത്തിൽ മണ്ഡൂകപർണിയെന്നു പേരുള്ള കുടങ്ങലാണ് (Centella asiatica) ഉത്തരേന്ത്യയിലെ പല വൈദ്യന്മാർക്കും ബ്രഹ്മി. തെങ്ങ് വടക്കർക്കും പരിചിതം. എന്നാൽ ഇളനീർക്കുഴമ്പ് തനി നാടനാണ്. കൊമ്പഞ്ചാദി, ധാന്വന്തരം, ഗോരോചനാദി ഗുളികകളും സംഹിതാഗ്രന്ഥങ്ങളിലില്ലെന്ന് ഇദ്ദേഹം പറയുന്നു. ശാസ്ത്രം നാട്ടുവഴികളിലേക്കു തിരിയുന്നതിന് ഇതിലും നല്ല സൂചകങ്ങൾ ആവശ്യമില്ല.

**പിന്നുര**

കേരളത്തിൽ മാത്രമല്ല, കന്നടത്തിലും തെലുഗുവിലും തമിഴിലുമെല്ലാം ശാസ്ത്രകൃതികൾ ഭാഷാപോഷണത്തിനു വലിയ സഹായം ചെയ്തിട്ടുണ്ട്. സാഹിത്യമണിപ്രവാളത്തെപ്പോലെത്തന്നെ സാംസ്കാരികപ്രാധാന്യമുള്ളതാണ് ശാസ്ത്രമണിപ്രവാളവും. ഭക്തിപ്രചാരം ഭാര

തീയഭാഷകളെ ശക്തിപ്പെടുത്തിയ ചരിത്രം ഗവേഷകർക്കറിയാം. എന്നാൽ ഭക്തിമാത്രമല്ല, ശാസ്ത്രപ്രചാരവും പ്രാദേശികഭാഷകളെ ശക്തിപ്പെടുത്തിയിട്ടുണ്ടെന്ന കാര്യം അവർക്കു മനസ്സിലായിട്ടില്ല. ഒന്നുറപ്പ്: ശാസ്ത്രഗ്രന്ഥങ്ങളുടെ പെരുപ്പവും പ്രചാരണവും കാണിക്കുന്നത് നാട്ടുമൊഴിയിലെ ശാസ്ത്രസാഹിത്യവികാസമാണ്. അക്കാലങ്ങളിലെ ശാസ്ത്രമലയാളത്തിന്റെ വികാസംതന്നെ. കൂട്ടത്തിൽ ഇത്രയും പറയാം: ഏതുകാലത്തും മലയാളം അന്നന്നത്തെ ആവശ്യത്തിനു പോന്നതായിരുന്നു. ശാസത്രമണിപ്രവാളത്തിന്റെ ഒരു ദിങ്മാത്രപ്രദർശനം പോലും ഇവിടെ സാധ്യമായിട്ടില്ലെന്ന ബോധത്തോടെ ഈ പ്രകരണം ഉപസംഹരിക്കട്ടെ.

**കുറിപ്പുകൾ:**

1. *Basavarajeeyam* is an important handbook for an Ayurvedic physician of Andhra region. It is a bilingual work and the content was presented in Sanskrit and Telugu languages....Basavarjeeyam consists of 25 chapters (Prakaranas) and the content was presented in Sanskrit slokas and Telugu cantons (Padya) -Ayu. 2011 Oct-Dec; 32(4): 458–460 - K. Nishteswar. https://www.ncbi.nlm.nih.gov/pmc/articles/PMC3361917/
2. വിശദാംശങ്ങൾക്കു കാണുക, Iragavarapu Suryanarayana, Allusions of Rasyanasastra in Telugu Literature, *Indian Journal of History of Science*, 52.2 (2017)
3. മാബാറിലെ ജ്യോതിഷത്തെപ്പറ്റി മാർക്കോപോളോ നൽകുന്ന ചെറുവിവരണത്തിന് നീലകണ്ഠശാസ്ത്രികൾ പ്രസാധനം ചെയ്ത സഞ്ചാരികളുടെ കുറിപ്പുകൾ കാണുക(2001: 170). *Foreign Notices of South India from Megasthenes to Mahuan* (Ed.), Madras, University of Madras.
4. കൊല്ലവർഷം 992-ൽ(1817) റാണി ഗൗരി പാർവതിബായി ഒപ്പുവച്ച നീട്ട്:

   1. "(കൊല്ലത്തിനു വടക്ക്).. ആ ദിക്കിലുള്ള ആളുകൾക്ക് എഴുത്തും കണക്കും ഇടപെട്ടുള്ള വിദ്യാഭ്യാസം ഏറ്റവും കുറവായിട്ടുവന്നിരിക്കുന്നു എന്നും പണ്ടാരവകയിൽനിന്നു ശമ്പളവും കൊടുത്തു വാധ്യാന്മാരെ ആക്കി പിള്ളേരെ എഴുത്തും കണക്കും പഠിപ്പിച്ച് പ്രാപ്തിയാക്കിയാൽ ഓരോ ഉദ്യോഗങ്ങൾക്കും കണക്കെഴുത്തിനും ഉപകാരമായിട്ടും രാജ്യത്തിനു യശസ്സും കീർത്തിയും

ധർമവും അഭിവൃദ്ധിയായിട്ടും വരുന്നതാകകൊണ്ട് ആ വകയ്ക്കു മലയാണ്മഅക്ഷരവും വിൽപത്തിയും ജ്യോതിഷവും വശംഉള്ള തിൽ ഒരാളിനേയും ഇതിന്മണ്ണം ഓരോസ്ഥലത്തേക്ക് രണ്ടു വാധ്യാന്മാരെ വീതവും ആക്കി അമ്പതു പണംവീതം ശമ്പളവും വച്ചുകൊടുത്താൽ..." (പു. 1062).

ഈ വിദ്യാഭ്യാസപദ്ധതി തനി നാടനായിരുന്നുവെങ്കിലും കോള നിയധികാരികളും ഇക്കാര്യം ശ്രദ്ധിച്ചിരുന്നു. കൊച്ചിയിൽ കേണൽ മൺറോ നടത്തിയ വിളംബരത്തിൽനിന്ന് ഒരു ഭാഗം:

2. "1-ാമത് ഈ രാജ്യത്തിൽ ഉള്ള കുട്ടികൾക്ക് ഒക്കേയും എഴു ത്തും കണക്കും ജ്യോതിഷവും കാവ്യവും വശമാക്കിക്കൊടുക്കു ന്നതിന് അതാതു കോവിലകത്തുംവാതിൽക്കൽ ചേർന്നവലു തായിട്ടുള്ള പ്രവൃത്തികളിലും ചെറുതായിട്ടുള്ള പ്രവൃത്തികളിലും സമർത്ഥന്മാരായിട്ട് ഓരൊരൊ എഴുത്താശാൻമാരെ ആക്കി എഴു തിച്ചുകൊള്ളത്തക്കവണ്ണം ഉത്തരവും കൊടുത്തിരിക്കുന്നു"(പു. 1064).

5. പതിനെട്ടരക്കവികളെന്നു പേർപെറ്റവരിൽ ഒൻപതുപേർ മീമാംസ കരായ പയ്യൂർ പട്ടേരിമാരും അഞ്ചുപേർ വൈയാകരണന്മാരായ തിരുവേഗപ്പുറ കൂടല്ലൂർ മനയ്ക്കലെ നമ്പൂതിരിമാരുമായിരുന്നു. പിന്നെയുള്ളവർ തന്ത്രസമുച്ചയകാരനായ ചേന്നാസ്, മല്ലപ്പള്ളിഭട്ട തിരി, ഭാഷാരാമായണചമ്പൂകാരനായ പുനം, ഉദ്ദണ്ഡശാസ്ത്രികൾ, കാക്കശ്ശേരിഭട്ടതിരി എന്നിവരാണ്. ഇവരിൽ കവിത്വം തികഞ്ഞവർ അവസാനം പറഞ്ഞ മൂവരാണ്. മറ്റുള്ളവർ സാഹിത്യരംഗത്തു പ്രവർ ത്തിച്ചതിനു കാര്യമായ തെളിവുകളില്ല. കേരളസാഹിത്യചരിത്രം വാ. 2 കാണുക.

6. "...ദേവാനാംപ്രിയൻ പ്രിയദർശിരാജാവിന്റെ വിജിതത്തിലെല്ലായി ടത്തും ചോളർ, പാണ്ഡ്യർ, സതിയപുത്രൻ, കേരളപുത്രൻ, താമ്ര പർണ്ണി, അംതിയകൻ എന്നു പേരായ യവനരാജാവ്, അംതിയകന്റെ അയൽരാജാക്കൻമാർ (ഇവരുടെ രാജ്യങ്ങൾ) എന്നിവപോലുള്ള പ്രാന്തപ്രദേശങ്ങളിലും ദേവാനാംപ്രിയൻ പ്രിയദർശി രാജാവ് രണ്ടു ചികിത്സ ഏർപ്പെടുത്തിയിരിക്കുന്നു- മൃഗചികിത്സയും മനുഷ്യചി കിത്സയും. മനുഷ്യരുടെ ഉപയോഗത്തിനും മൃഗങ്ങളുടെ ഉപയോഗ ത്തിനും ഉള്ള ഔഷധങ്ങൾ ഇല്ലാത്തിടത്തെല്ലാം കൊണ്ടുവരികയും നട്ടുപിടിപ്പിക്കുകയും ചെയ്തിരിക്കുന്നു"- കാണുക, *അശോകശാ സനങ്ങൾ*, പ്രസാ. എം. ആർ. രാഘവവാരിയർ (2016: 106).

7. ഒറ്റപ്പാലം താലൂക്കിലെ പല പ്രദേശങ്ങളിലും ഇങ്ങനെയുള്ള വൈദ്യ കുടുംബങ്ങളുണ്ട്. തലവേദന, ചതവ്/ഒടിവ്, അപസ്മാരം, കൈവിഷം, വിഷം തുടങ്ങി പല പ്രശ്നങ്ങളേയും ഇവർ കൈകാര്യംചെയ്തുപോരുന്നു. ഇതിൽ കൈവിഷത്തിന്നു ചികിൽസിക്കുന്നവർ തലവേദനയ്ക്കോ ഒടിവിനോ ചികിൽസിക്കാറില്ല. ഒറ്റമൂലികളോ ഒന്നോ രണ്ടോ ഔഷധസംയുക്തങ്ങളോ ആണ് ഇവർ ഉപയോഗിക്കുന്നത്. ഈ വൈദ്യവിജ്ഞാനം പരമ്പരാഗതമായി കൈമാറിവരുന്നതാണ് എന്നുമായ എസ്. നായർ (ഗവേഷക, സംസ്കൃതസർവകലാശാല) തന്റെ അപ്രകാശിതഗവേഷണപ്രബന്ധത്തിൽ പറയുന്നു.

8. നാട്ടുവൈദ്യംമുതൽ ആയുർവേദംവരെ വ്യാപ്തിയുണ്ട് ലോഹസ്ഫുടതന്ത്രങ്ങൾക്ക്. ഈ വിജ്ഞാനത്തിനു പുറംനാടുകളുമായി ബന്ധമുണ്ടോ എന്നന്വേഷിക്കേണ്ടതുണ്ട്. 10-11 നൂറ്റാണ്ടുകൾക്കുശേഷം ആന്ധ്രയിൽ രസവിജ്ഞാനത്തിനു വലിയ വികാസമുണ്ടാവുന്നതായി എൻ.വി. കൃഷ്ണൻകുട്ടിവാരിയർ നിരീക്ഷിച്ചിട്ടുണ്ട് (2002: 474-75). കേരളത്തിൽ പ്രാദേശികമായും രസവിദ്യ ഉരുത്തിരിഞ്ഞിട്ടുണ്ടാവാം. പ്രാദേശികഗ്രന്ഥങ്ങളുടെ വെളിച്ചത്തിൽ, ഈവിദ്യയും കേരളീയർക്ക് കൈയൊതുങ്ങിയിരുന്നു എന്നു കരുതാം.

9. വിഷനാരായണീയം വളരെ ദുർലഭമായ വിഷവൈദ്യഗ്രന്ഥമാണെന്ന് വൈദ്യമഠം ചെറിയ നാരായണൻനമ്പൂതിരി പറയുന്നു. ഇതിൽ മന്ത്രവാദത്തിനും പ്രാധാന്യമുണ്ട്. ശുകപുരം ഗ്രാമക്കാരനും മുണ്ടമുകദേശക്കാരനുമായ നാരായണൻ എന്നൊരു ബ്രാഹ്മണനത്രേ ഇതിന്റെ കർത്താവ് (2007:22-23).

10. Non-classical traditions like the local knowledge of marmavidya, as distinct from the classical concept of marmas in the human body is recorded and transmitted in the form of written texts - M. R. Raghava Varier (2010:155) മർമവിജ്ഞാനം കൈവശമുള്ളവർക്ക് ശരീരം സ്തംഭിപ്പിക്കുക, ബോധം കെടുത്തുക, ഉണർത്തുക തുടങ്ങിയ അത്ഭുതകർമങ്ങൾ സാധ്യമായിരുന്നുവെന്ന് പഴമക്കാരെ മുൻനിർത്തി എൻ.വി.കെ.വാരിയർ പറയുന്നു. മർമ്മവിദ്യയറിയുന്നവർ പല രോഗങ്ങൾക്കും ഉഴിച്ചിൽ നടത്താറുണ്ടായിരുന്നു. ഈ ആവശ്യത്തിലേക്ക് കറുത്ത ഗുളിക, മർമഗുളികകൾ, ചിലതരം എണ്ണകൾ, കഷായക്കഞ്ഞികൾ എന്നിവയും കേരളത്തിലെ മർമവിദഗ്ധന്മാർ വികസിപ്പിച്ചെടുത്തു (2013: 497).

11. ആയുർവേദത്തിലെ പ്രസിദ്ധയോഗങ്ങളെ അനുസ്മരിപ്പിക്കുന്ന പേരുകളാണു നർമം പെരുപ്പിക്കാൻ ഭാഷാരാമായണചമ്പൂകാരൻ കൊടുത്തിരിക്കുന്നത് (പു. 258).

12. ഈ പട്ടിക തയ്യാറാക്കാൻ സഹായിച്ചത് ഡോ. സി. രാമൻകുട്ടിയാണ്(കോട്ടയ്ക്കൽ ആര്യവൈദ്യശാലാപ്രസിദ്ധീകരണവിഭാഗം) അധികവിവരങ്ങൾക്ക് കാണുക, *Indian Medicinal Plants. A Compendium of 500 Species.* Vol.1-5; (Ed.) P. K. Warrier, V. P. K. Nambiar and C. Ramankutty, Orient Longman, Hyderabad. 1994-97.

13. അശ്വൻ എന്നത് കാമശാസ്ത്രത്തിൽ, ലിംഗത്തിന്റെ നീളം അടിസ്ഥാനമാക്കി പുരുഷന്മാരെ നാലാക്കി തിരിച്ചതിൽ ഒന്ന്. ഈ അവസ്ഥവരുവാനുള്ള മരുന്ന് എന്നാണ് എൻ. ഗോപിനാഥൻനായരുടെ വ്യാഖ്യാനം. 2005, *ഉണ്ണിയച്ചീചരിതം*, പു. 152. വാജീകരണമെന്നു സാമാന്യമായി വ്യാഖ്യാനിക്കുന്നതാണു യുക്തമെന്നു തോന്നുന്നു.

14. നാട്ടിൻപുറത്തെ ജീവലോകത്തിന്റെ (life-world) ചില സവിശേഷതകളുമായി ബന്ധപ്പെട്ട നാടൻപ്രസ്താവങ്ങളാണ് പഴഞ്ചൊല്ലുകൾ. നാഗരികാനുഭവം ഒട്ടുമില്ലെന്നല്ല. കൊച്ചി കണ്ടാലച്ചി വേണ്ട, കൊല്ലം കണ്ടാൽ ഇല്ലം വേണ്ട തുടങ്ങിയവ നാഗരികാനുഭവങ്ങളിലേക്കു നോട്ടം കൂർപ്പിച്ചവയാണ്. ദീർഘ കാലത്തെ ആവർത്തനസ്വഭാവമുള്ള ജീവിതാനുഭവങ്ങളിൽ നിന്നാണ് പഴഞ്ചൊല്ലുകളുരുവാവുക. വൈദ്യനും ജ്യൗതിഷിയും ഏറക്കുറെ നാട്ടിൻപുറത്തെ നിത്യജീവിതവുമായി ബന്ധപ്പെട്ടവരാണല്ലോ. ജീവിതവിമർശനംകൂടിയായതുകൊണ്ട് പ്രകടമായിത്തന്നെ ഒരുതരം നാടൻ തത്വചിന്ത ഇവയിലുണ്ടാവും. മിക്കപ്പോഴും ഒരുതരം നർമത്തിന്റെ മേൽമുണ്ടുമായിട്ടാവും ഇവയുടെ വരവ് (കടപ്പാട്, കെ. എം. അനിൽ).

15. പല വൈദ്യന്മാർക്കും ഇത്തരം മരുന്നുകൾ അറിഞ്ഞിരിക്കാമെന്ന് എൻ.വി.കെ വാരിയർ പറയുന്നു: "വൈദ്യവൃത്തിയിലേർപ്പെട്ടവർ പല അമൂല്യൗഷധങ്ങളേയും കണ്ടെത്തി സ്വകാര്യമാക്കിവയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം ഒറ്റമൂലികളെപ്പറ്റിയുള്ള ഐതിഹ്യങ്ങളിൽ അതിശയോക്തിയുടെ അംശം ഉണ്ടാവാമെങ്കിലും സത്യത്തിന്റെ ഭാഗവും ഗണ്യമായുണ്ട്...ഔഷധം പരസ്യമായാൽ അതിന്റെ വീര്യം കുറയുമെന്നൊരു വിശ്വാസവുമുണ്ടായിരുന്നു"(2013: 500).

16. വൈദ്യവിജ്ഞാനത്തിലെ നാട്ടുവഴികളും പ്രാദേശികത്വവും ചരകനെപ്പോലുള്ള ആചാര്യൻമാർ നിരീക്ഷിച്ചിട്ടുണ്ട്. എം.എസ്. വല്യ

ത്താൻ പറയുന്നു: To paraphrase Caraka, medical knowledge always existed in folklore, local health traditiions, verbal testimony and many other sources (2003: iii).

17. ഇവ സംഹിതാഗ്രന്ഥങ്ങളിലെ യോഗങ്ങളെ പരിഷ്കരിച്ചതാവാം. വൈദ്യൻ സ്വാനുഭവത്തിൽനിന്നു സ്വരുക്കൂട്ടിയ ഔഷധദർശനവുമാവാം. ഏറെനാളത്തെ വൈദ്യജീവിതത്തിന്റെ ഫലമാണിവ. ആധുനികാർത്ഥത്തിൽ കണ്ടുപിടിത്തങ്ങൾതന്നെ.

18. വെളിച്ചെണ്ണയുടെ ഔഷധമൂല്യത്തെപ്പറ്റി വിദേശികൾക്കറിയാമായിരുന്നു. 1323–30 കാലത്ത് ഇവിടെയെത്തിയ ഫ്രെയാർ ജോർഡാനസ് ഇക്കാര്യം പറയുന്നുണ്ട് (Neelakanta Sastri 2001:181).

ഗ്രന്ഥ-ലേഖനസൂചി


- അച്യുതവാരിയർ, ചേപ്പാട്ട്, 2013, *അഷ്ടാംഗഹൃദയം*, ഉത്തരസ്ഥാനം(വിവ.), കൊടുങ്ങല്ലൂർ, ദേവി ബുക്സ്റ്റാൾ.
- കുഞ്ഞൻപിള്ള, ഇളംകുളം, 1997, ഉണ്ണുനീലിസന്ദേശം(വ്യാ.), കോട്ടയം, സാഹിത്യപ്രവർത്തക സഹകരണസംഘം.
- ------------------, 1958, *ലീലാതിലകം മണിപ്രവാളലക്ഷണം* (വിവ., വ്യാ), കോട്ടയം, സാഹിത്യപ്രവർത്തകസഹകരണസംഘം
- കുഞ്ഞൻപിള്ള, ശൂരനാട്ട്. 1996, *ലീലാതിലകം*(വ്യാ.) തിരുവനന്തപുരം, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്.
- കൃഷ്ണൻകുട്ടിവാരിയർ എൻ. വി., 2002, *ആയുർവേദചരിത്രം*, കോട്ടയ്ക്കൽ, ആര്യവൈദ്യശാല.
- ഗോപിനാഥൻനായർ, എൻ, 2005, *ഉണ്ണിയച്ചീചരിതം*(വ്യാ.), കാലിക്കറ്റ് സർവകലാശാല, പ്രസിദ്ധീകരണവിഭാഗം.
- ചന്ദ്രശേഖരൻപിള്ള, വി., 1991, *മലയാളഗ്രന്ഥസൂചി*, തിരുവനന്തപുരം, ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് & മാനുസ്ക്രി പ്റ്റ് ലൈബ്രറി, കേരളസർവകലാശാല.
- ജോർജ്ജ് ഗീവർഗീസ് ജോസഫ്, 2006, *മയൂരശിഖ*, തിരുവനന്തപുരം, കേരളഭാഷാ ഇൻസ്ററിറ്റ്യൂട്ട്.
- നാരായണൻ നമ്പ്യാർ, പി. കെ. 1980. *മന്ത്രാങ്കം*, തൃശ്ശൂർ, കേരളസാഹിത്യഅക്കാദമി.
- പരമേശ്വരയ്യർ, ഉള്ളൂർ, എസ്., 1990. *കേരളസാഹിത്യചരിത്രം*,

വാ. 1-3, പ്രസിദ്ധീകരണ വകുപ്പ്, തിരുവനന്തപുരം, കേരള സർവ്വകലാശാല.

- പാച്ചുമൂത്തത്, 2012, *സുഖസാധകം*, തൃശ്ശൂർ, സാഹിതി ബുക്സ്.
- പുരുഷോത്തമൻനായർ, എം. എം., 1986. മുഖവുര, *താളിയോല ഗ്രന്ഥസൂചി, വാ. 2.* കാലിക്കറ്റ് സർവകലാശാലാ മലയാള വിഭാഗം.
- ഭാസ്കരനുണ്ണി, പി, 2000, *പത്തൊൻപതാംനൂറ്റാണ്ടിലെ കേരളം*. തൃശ്ശൂർ, കേരളസാഹിത്യ അക്കാദമി.
- രാഘവവാരിയർ, എം. ആർ., 2009, *ആലത്തൂർ മണിപ്രവാളം*, കോട്ടയ്ക്കൽ, പ്രസിദ്ധീകരണവിഭാഗം, ആര്യവൈദ്യശാല.
- ------———, 2016, *അശോകശാസനങ്ങൾ*, കോട്ടയം, സാഹിത്യപ്രവർത്തകസഹകരണ സംഘം.
- സുന്ദരം, ധനുവച്ചപുരം, 2007, *ഉണ്ണിയാടിചരിതം*.(വ്യാ). തിരുവനന്തപുരം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
- Neelakanta Sastri, K. A, 2001, *Foreign Notices of South India from Megasthenes to Mahuan* (Ed.), Madras, University of Madras.
- Suryanarayana, Iragavarapu, 2017, Allusions of Rasyanasastra in Telugu Literature, *Indian Journal of History of Science*, 52. 2
- Valiathan, M. S, 2006, *The Legacy of Caraka*, Hyderabad, Orient Longman.
- Warrier, P.K., V.P.K. Nambiar and C. Ramankutty, 2004, *Indian medicinal plants; a compendium of 500 species*, V0l. 1-5, (Ed.), Hyderabad, Orient Longman.
- https://en. wikipedia.org/wiki/List_of_Karnataka_literature.
- http://en.wikipedia.org/wiki/Telugu_language modified on 13 September 2014.

■